# നിശാഗന്ധി

## e മാഗസിൻ



ഗവ. ഹയർ സെക്കന്ററി സ്കൂൾ, മീനങ്ങാടി

നിശാഗന്ധിയുടെ ആരാധകർക്ക് മുമ്പിൽ ഏറെ സ്നേഹത്തോടെ കുറിക്കട്ടെ,.....

എഴുതാൻ കൊതിക്കുന്ന, വായിക്കാൻ കൊതിക്കുന്ന ഒരു പിടി ആളുകൾ ഈ നുറുങ്ങുവെട്ടത്തെ ഹൃദയത്തോട് ചേർത്തു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്.
കഴിഞ്ഞ രണ്ടുമൂന്ന് മാസങ്ങളിൽ വിദ്യാലയാങ്കണം വിവിധ മേളകളുടെയും ആഘോഷങ്ങളുടെയും ഉത്സവഛായയിലായിരുന്നു.
ശാസ്ത്ര– കായിക – കലാമേളകളിലെല്ലാം അജയ്യരാണ് ഈ പൊതു വിദ്യാലയത്തിന്റെ കുട്ടികളെന്ന് വീണ്ടും അടയാളപ്പെടുത്തിക്കൊണ്ട്, നമ്മൾ സാധാരണക്കാരന്റെ സ്വപ്നങ്ങളിലേക്ക് അനുസ്യൂതം സഞ്ചരിക്കുന്നു..

വായനയുടെ സുഗന്ധം പേറി വീണ്ടും നിശാഗന്ധി നിങ്ങളെത്തേടിയെത്തുന്നു . ഇതിൽ കോറിയിട്ട വരികൾക്കിടയിൽ പ്രതിഷേധത്തിന്റെയും, വിമർശനങ്ങളുടെയും , പ്രതിഫലനങ്ങൾ ഉണ്ടാകാം.
എങ്കിലും അതിടയിൽ ശക്തമായ പ്രതീക്ഷയുടെ തിരിനാമ്പുകളുണ്ട്.!
വരികൾക്കിടയിൽ നാളെയുടെ പ്രതിഭാവിലാസങ്ങളുണ്ട്...
അവയെ കോരിയെടുത്ത് നെഞ്ചോടു ചേർക്കുമല്ലോ.
പൂർണതയോടെ ഒരു യാത്രയില്ലല്ലോ..
സ്വീകരിക്കുക..
തുടരാം , നമുക്കീ നിശാഗന്ധിയോടൊപ്പം !

സ്നേഹപൂർവം
ഷിവി കൃഷ്ണൻ
(പത്രാധിപർ)



# പത്രാധിപസമതി

ചീഫ് എഡിറ്റർ ഷിവി കൃഷ്ണൻ
ഓണററി എഡിറ്റർ പി കെ പ്രേമരാജൻ
സ്റ്റാഫ് എഡിറ്റർ ഡോ. ബാവ കെ പാലുകുന്ന്
സബ് എഡിററർ സി മനോജ്

അംഗങ്ങൾ

പി ഒ സുമിത
കെ അനിൽകുമാർ
എസ് വി വിജേഷ്
രജിത എം കെ
ജോഷ്മ

ലേ ഔട്ട് കെ ബിജോ പോൾ

മുഖചിത്രം അനുശ്രീ സി എസ്

**ടീം ലിറ്റിൽ കൈറ്റ്സ്**

ദേവസാന്ദ്ര
ദേവപ്രിയ കെ ആർ
ആദില ഫാത്തിമ
വൈഗ പ്രകാശ്
ശ്രീലക്ഷ്മി
അവന്തിക
ശ്രീ പാർവ്വതി
ദേവിക എം വി

**പുസ്തകം 1**
**ലക്കം 2**
**2024 നവംബർ – ഡിസംബർ**

**അനുഭവം**
17 തൂവാലകൾ – ഫസീല ആനക്കുഴിയിൽ

**കഥ**
5 മകൻ – അർജ്ജുൻ കെ എസ്
14 കണ്ണീർ ഭൂപടങ്ങൾ – മിത്ര ജീവൻ

**കവിത**
7 വെറുതെ –ചന്ദ്രിക ഏപ്രത്ത്
16 പ്രതീക്ഷകൾ തേടി –ഗൌരി നന്ദന സി എ
മടക്കം – സുമി പനമരം

**ലേഖനം**
18 ഗോത്രകലകളിലെ സാംസ്കാരികമുദ്രകൾ
– ഡോ. ബാവ കെ. പാലുകുന്ന്

22 **വാർത്താജാലകം**

**പുസ്തക ജാലകം**
7 ചരിത്രമുറങ്ങുന്ന വയനാടൻ ഗ്രാമങ്ങൾ –ഷാജി പുൽപ്പള്ളി
12 റാം C/O ആനന്ദി – ഫാത്തിമ ഫാദിയ. പി

**അതിഥി**
10 ഡോ. ടി.സി അബ്ദുൽ റഫീഖ്
അസി.പ്രൊഫസർ ടി.കെ.എം. ആർട്സ്
&സയൻസ് കോളേജ്, കൊല്ലം

# മകൻ



അർജ്ജുൻ കെ എസ് 10 H

"ദുബായിൽ പോകാനുള്ള വിസ വന്നു". പ്രകാശൻ പറഞ്ഞു, കോൾ കട്ടായി. പൊടി കെട്ടി കിടക്കുന്ന പുസ്തകങ്ങൾക്കിടയിൽ നിന്ന് വീണ മയിൽപീലി പോലെ ആ വാർത്ത എന്നെ കുളിരണിയിപ്പിച്ചു . ഞാൻ ആ സന്തോഷവാർത്ത അപ്പനോടും അമ്മായിയോടും പറഞ്ഞു."രമേഷാ"...... അമ്മയുടെ ആ വിളി എത്രയോ ദൂരം സഞ്ചരിച്ച് എൻറെ കാതുകളിൽ മന്ത്രിച്ചു . വിളി കേട്ട് ഞാൻ എന്തെന്ന് അറിയാതെ ഓടി അമ്മയ്ക്ക് അരികിലെത്തി. വിറകെടുക്കാൻ വേണ്ടിയാണ് അമ്മ എന്നെ വിളിച്ചിരുന്നത്. ഇപ്പോൾ ഈ കാര്യം പറയണ്ട എന്ന് ഞാൻ വിചാരിച്ചു. ചിലപ്പോൾ അമ്മയ്ക്ക് സന്തോഷത്തോടൊപ്പം വിഷമവുമാകും . ഈ കാര്യം അച്ഛൻ അമ്മയോട് പറഞ്ഞോളും. വിവരമറിഞ്ഞപ്പോൾ അമ്മയ്ക്ക് സമാധാനമായി ഇത്രനാൾ ഒരു വരുമാന മാർഗവും ഉണ്ടായിരുന്നില്ല ഇനി ഇങ്ങനെ വീട്ടിൽ ഇരുന്നാൽ ശരിയാകില്ല എന്ന ഉറച്ച മനസ്സോടെ ഞാൻ പ്രകാശനെ വിളിച്ച് എല്ലാ കാര്യങ്ങളും ശരിയാക്കി.

"കുടുംബക്കാരോട് എല്ലാവരോടും പോകുന്ന കാര്യം അറിയിക്കണം"അച്ഛൻ പറഞ്ഞു."അറിയിക്കാം."എന്നുപ റഞ്ഞ് കൊണ്ട് ഞാൻ ടൗണിലേക്ക് പോയി. ആവശ്യ സാധനങ്ങൾ വാങ്ങിക്കാൻ വേണ്ടിയായിരുന്നു ആ യാത്ര. ഇനി രണ്ടാഴ്ച കൂടിയേ ഉള്ളൂ. പിറ്റേന്ന് രാവിലെ തന്നെ കുടുംബത്തിലുള്ള മാമന്റെയും,

**ഇത്രനാൾ അമ്മയെ വിളിക്കാതെയിരുന്നതിലുള്ള വിഷമം എൻറെ മനസ്സിനെ വല്ലാതെ അലട്ടി. എന്താണ് കാരണം എന്ന് അറിയാത്തതിലുള്ള മനോവിഷമം എനിക്ക് സഹിക്കാൻ പറ്റുന്നതിലുമപ്പുറമായിരുന്നു.**

അച്ഛനെയും വീട്ടിലേക്ക് യാത്ര തിരിച്ചു. ബാക്കിയുള്ളവരെ ഫോണിൽ വിളിക്കാം എന്ന് തീരുമാനിച്ചു. അച്ഛൻറെ വീട് കായംകുളത്താണ്, അവിടെയൊക്കെയാണ് ഞാൻ ആദ്യം പോയത്. ഇനി മാമൻറെ വീട്ടിൽ ചെന്ന് കാര്യം പറയണം. അവരുടെ പെരുമാറ്റം തീർത്തും അന്യരോട് കാണിക്കുന്ന തരത്തിൽ ആയിരുന്നു. മാമൻ പറഞ്ഞു:"ഇത്രനാൾ വീട്ടിൽ വെറുതെ പണിയൊന്നുമില്ലാതെ ഇരിക്കുകയായിരുന്നില്ലേ, ഇപ്പോൾ എവിടുന്ന് ഇത്രയും പെട്ടെന്ന് ജോലി ശരിയായത്"മാമന്റെയും, മാമിയുടെയും സംസാരം എനിക്ക് തീരെ ദഹിച്ചില്ല. അപ്പോൾ തന്നെ ഞാൻ അവിടെ നിന്നിറങ്ങി.

രണ്ടാഴ്ച കഴിഞ്ഞത് ഞാനറിഞ്ഞില്ല എല്ലാവരോടും പറഞ്ഞു. എന്നെ എയർപോർട്ടിൽ ആക്കാൻ മാമനും മാമിയും, അച്ഛനെയും അമ്മയുടെയും കൂടെ വന്നു. പ്രകാശനായിരുന്നു വണ്ടിയോടിച്ചത് എൻറെ കൈപിടിച്ച് നിന്ന് അമ്മയുടെ കണ്ണുനീർ എന്നെ കൈകളിൽ സ്പർശിച്ചു. അത് എൻറെ കയ്യിൽ നിന്നും എൻറെ ഹൃദയത്തിൽ എത്തിച്ചു. പുറത്തു കാണിക്കുന്നില്ലെങ്കിലും ഉള്ളിൽ അച്ഛൻ വിതുമ്പുന്നുണ്ടാകും എന്ന് എനിക്കറിയാം. ആദ്യമായാണ് ഞാൻ പ്ലെയിനിൽ കയറുന്നത്, അതുകൊണ്ടാണ് ഞാൻ മാമനെ വിളിച്ചത്. മാമൻ ഇതിനുമുമ്പ് കാനഡയിൽ ആയിരുന്നു. രണ്ടുവർഷമായി ഇവിടെ ജോലി ചെയ്യുന്നു.

ആദ്യമായി ഞാൻ ദുബായിൽ എത്തി. എൻറെ അതേ കമ്പനിയിൽ ജോലിചെയ്യുന്ന മലയാളിയെ

പ്ലെയിനിൽ വച്ച് ഞാൻ പരിചയപ്പെട്ടു. പേര്, സന്തോഷ്, അവൻ എന്നോട് ചോദിച്ചു."കമ്പനി അപ്പാർട്ട്മെന്റിലാണ് താമസിക്കാൻ പോകുന്നത്"."അതെ"ഞാൻ പറഞ്ഞു."റൂം നമ്പർ" 316–ൽ ആണോ!. ഞാനും അതെ റൂമിൽ തന്നെയാണ് താമസിക്കുന്നത്. രണ്ടുമൂന്നുദിവസം കഴിഞ്ഞു, ഇവിടത്തെ ചിട്ടകൾക്കും ശീലങ്ങൾക്കും ഞാൻ പൊരുത്തപ്പെട്ടു വരുന്നതെ ഉണ്ടായിരുന്നതേയുള്ളൂ. തിരക്ക് കാരണം നാട്ടിലേക്ക് വിളിക്കാൻ പോലും സമയം കിട്ടിയില്ല. നാട്ടിൽ എല്ലാവരും എൻറെ ഫോൺ വിളിക്കായി കാത്തിരിക്കുന്നു ണ്ടാവും എന്ന് എനിക്കറിയാം.



കമ്പനിയിൽ കയറിയിട്ട് ഒരു മാസമായി, ഇന്ന് ശമ്പളം കിട്ടും. ഇന്ന് എന്തായാലും വീട്ടിലേക്ക് വിളിക്കണം. 40000 രൂപ ഞാൻ നാട്ടിലേക്ക് കമ്പനി വഴി ഞാനെൻറെ അക്കൗണ്ടിൽ എത്തിയിട്ടുണ്ട്,. ഇക്കാര്യം പറയാൻ വേണ്ടി ഞാൻ അമ്മയെ വിളിച്ചു. ഒരുപാട് വട്ടം ചെയ്തിട്ടും അമ്മ ഫോൺ എടുത്തില്ല. പിന്നീട് വിളിക്കാം എന്ന് വിചാരിച്ചു ഞാൻ സന്തോഷത്തോടൊപ്പം പുറത്തു പോയി. റോഡിലൂടെ നടക്കുമ്പോൾ എൻറെ മനസ്സിൽ മുഴുവനും അമ്മയായിരുന്നു . സന്തോഷ് എന്നോട് കുറേ കാര്യങ്ങൾ ചർച്ച ചെയ്യുന്നുണ്ടായിരുന്നു. പക്ഷേ എൻറെ ശ്രദ്ധ അവനിലേക്ക് തിരിഞ്ഞില്ല. ഇത്രനാൾ അമ്മയെ വിളിക്കാതെയിരുന്നതിലുള്ള വിഷമം എൻറെ മനസ്സിനെ വല്ലാതെ അലട്ടി. എന്താണ് കാരണം എന്ന് അറിയാത്തതിലുള്ള മനോവിഷമം എനിക്ക് സഹിക്കാൻ പറ്റുന്നതിലുമപ്പുറമായിരുന്നു. ഞാൻ അപ്പനെ വിളിച്ചു നോക്കി. അപ്പൻ ഫോൺ എടുത്തില്ല. വീട്ടിലുള്ള എല്ലാവരെയും ഞാൻ മാറിമാറി വിളിച്ചു. എൻറെ ശരീരമാകെ നിരാവിയാൽ ഉയരുന്നുണ്ടായിരുന്നു.

കുറച്ചുനേരം കഴിഞ്ഞ് അച്ഛൻറെ ഫോൺകോൾ വന്നു."മോനെ".ഞാൻ ഫോൺ എടുത്ത് സംസാരിച്ചു. ഞാൻ എത്ര പറഞ്ഞിട്ടും അച്ഛൻ സംസാരിക്കുന്നുണ്ടായിരുന്നില്ല.

അച്ഛൻറെ വാക്കുകൾ സ്തംഭിച്ചു പോയി കഴിഞ്ഞു. അനന്തമായി ദീർഘശ്വാസം പോലെ അച്ഛൻ ദീർഘനിശ്വാസം വിട്ടുകൊണ്ട് എന്നെ പിന്നെയും കരഞ്ഞുകൊണ്ടു വിളിച്ചു"മോനേ". എൻറെ നെഞ്ചിടിപ്പ് കൂടി വന്നു,"എന്താണ് കാര്യം എന്ന് അറിയണം എന്നാൽ മാത്രമല്ലേ അറിയുകയുള്ളൂ ഞാൻ".

അച്ഛൻ തിരിച്ചു വിളിച്ചത് ഒരു ആയത്തിലുള്ള മുറിവിനെ തുന്നിച്ചേർക്കുന്നത് പോലെയായിരുന്നു എന്നാൽ ഇപ്പോൾ'അച്ഛൻ പറഞ്ഞു:"അമ്മ നമ്മെ വിട്ടു പോയി മോനെ". എൻറെ കണ്ണുനീർ എൻറെ മുഖത്ത് നിന്നും എൻറെ കൈകളിലേക്ക് വീണു. ആ കണ്ണുനീരിന് എൻറെ ഹൃദയത്തിലേക്ക് എത്താനുള്ള ശക്തി ഇല്ലായിരുന്നു. ഈ അവസ്ഥയിൽ എനിക്ക് നാട്ടിൽ പോകണമെന്നുണ്ടായിരുന്നെങ്കിലും നടക്കില്ല. എനിക്ക് ഇത് സഹിക്കാൻ പറ്റുന്നതിലും അപ്പുറമാണ് തുടർന്നുകൊണ്ട് അച്ഛൻ പറഞ്ഞു:"അമ്മ അവസാനമായി പറഞ്ഞത് തൻറെ മകനെ കാണണമെന്നായിരുന്നു".

കവിത



# വെറുതെ

ചന്ദ്രിക ഏപ്രത്ത്
കൊളഗപ്പാറ
( പൂർവവിദ്യാർഥി )

നിലാവിന്റെ പൊൻവെളിച്ചം
നിഴലുകൾ തീർത്ത
നിശീഥിനിയിൽ ,

ആർത്തു പെയ്തുപോകുന്ന
മഴമേഘത്തിന്റെ
യീറൻമിഴികളിൽ
വിതുമ്പലുകളിൽ,

നിശാഗന്ധിപ്പൂക്കളുടെ
സുഗന്ധം കവർന്ന, കള്ള-
ക്കാറ്റിന്റെയീണങ്ങളിൽ,

ഋതുഭേദങ്ങളുടെ
ചായക്കൂട്ടുകളിൽ,
വസന്തത്തിന്റെ
മലർവാടികളിൽ,

ചെമ്മണ്ണുതിരുന്ന
നടപ്പാതകളിൽ
പിന്നിട്ടവഴികളിൽ ,

എല്ലാം ഞാൻ തേടിയത്
നിന്നെക്കുറിച്ചുള്ള
ദീപ്ത സ്മൃതികളും,

സ്നേഹത്തിന്റെ
പുഞ്ചിരിയുതിരുന്ന
നിന്നോമൽ മുഖവുമായിരുന്നു.

പുസ്തക ജാലകം

# ചരിത്രമുറങ്ങുന്ന വയനാടൻ ഗ്രാമങ്ങൾ

ഷാജി പുൽപ്പള്ളി



പ്രാദേശിക ചരിത്രപഠനങ്ങൾക്ക് ഏറെ പ്രാധാന്യം നൽകുന്ന വർത്തമാനകാലത്തിൽ വയനാടിന്റെ പ്രാദേശികചരിത്രം സൂക്ഷ്മതലത്തിൽ അന്വേഷിക്കുകയാണ് എഴുത്തുകാരനും അധ്യാപകനുമായ ബാവ കെ പാലുകുന്ന് അദ്ദേഹത്തിന്റെ "വയനാടൻ ഗ്രാമങ്ങൾ " എന്ന ചരിത്രകൃതിയിലൂടെ ചെയ്യുന്നത്. വൈവിധ്യങ്ങൾകൊണ്ടുസമ്പന്നമായ 45 ഗ്രാമങ്ങളുടെ ചരിത്രത്തെ കഴിയുന്നത്ര തെളിമയോടെ അവതരിപ്പിക്കാനാണ് എഴുത്തുകാരൻ ഈ ശ്രമിക്കുന്നത്.

വളരെ കാലം മുമ്പുതന്നെ മാഷ് ഇത്തരമൊരന്വേഷണം ആരംഭിച്ചിരുന്നു. ഒരു പുസ്തകം തയ്യാറാക്കുക എന്ന ലക്ഷ്യത്തിനപ്പുറം സ്കൂൾതല സാമൂഹിക ശാസ്ത്രമേളയിൽ പ്രാദേശിക ചരിത്രരചന എന്ന മത്സര വിഭാഗത്തിലേക്ക് വിദ്യാലയത്തിലെ കുട്ടികളെ പ്രാപ്തരാക്കുന്നതിനും ചരിത്ര രചനയുടെ മേഖലയിലേക്ക് അവരെ വഴിനടത്തുന്നതിനും വേണ്ടിയുള്ള കഠിനശ്രമങ്ങളാണ് ഇത്തരമൊരു ബൃഹത്തായ രചനയിലേക്ക് ഗ്രന്ഥകാരനെക്കൊണ്ടെത്തിച്ചത്


**ഒരു നാടിന്റെ ചരിത്രമറിയാൻ നഗരങ്ങളിൽ ചുറ്റിക്കറങ്ങുകയല്ല വേണ്ടത്, ഗ്രാമത്തിന്റെ ഇടവഴിയിലൂടെയുള്ള കരുതൽ നടത്തമാണ് ആവശ്യം എന്ന ചരിത്ര സത്യത്തെയാണ് "വയനാടൻ ഗ്രാമങ്ങൾ " എന്ന കൃതി സൂക്ഷ്മാംശത്തിൽ തൊടുന്നത്.**

ജില്ലാ തലസ്ഥാനമായ കൽപ്പറ്റയിൽ തുടങ്ങി ബാണാസുര മലയുടെ അടിവരത്തിൽ സ്ഥിതി ചെയ്യുന്ന വെള്ളമുണ്ടയിൽ അവസാനിക്കുന്ന തരത്തിലാണ് ഗ്രാമങ്ങളെ ക്രമീകരിച്ചിട്ടുള്ളത്. കേവലം ചരിത്രാന്വേഷണങ്ങൾക്കപ്പുറത്തേക്ക് പ്രസ്തുത ദേശവുമായി ബന്ധപ്പെട്ട പുരാവൃത്തങ്ങളെയും സ്ഥലനാമ കഥകളെയും സാംസ്കാരിക പ്രത്യേകതകളെയും ആഴത്തിൽ പഠനവിധേയമാക്കുന്നുണ്ട് ഈ കൃതിയിൽ. ഒരു സംഭവത്തിന്റെ ചരിത്രരചനയോ ഒരു കാലഘട്ടത്തിന്റെ ചരിത്രാന്വേഷണമോ അത്ര എളുപ്പമായ പ്രക്രിയയല്ലെന്ന് നമുക്കറിയാം. അതിലും എത്രയോ കഠിനമായ പരിശ്രമമാണ് ഉറങ്ങിക്കിടക്കുന്ന ഗ്രാമത്തിന്റെ പ്രാദേശികചരിത്രം ചരിത്രാന്വേഷകരോട് ആവശ്യപ്പെടുന്നത്. പുസ്തകങ്ങളെ മാത്രം ആശ്രയിച്ച് നടത്താവുന്ന ഒന്നല്ല പ്രാദേശിക ചരിത്ര രചന.

വയനാടിന്റെ ചരിത്രം പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം ഓരോ പ്രദേശത്തെയും അതുമായി ബന്ധപ്പെട്ട അനവധി വ്യക്തികളുമായി സംവദിച്ച് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. ചരിത്രരചനയ്ക്ക് ആവശ്യമായ ചെറുതും വലുതുമായ എല്ലാത്തരം ഉപാധികളെയും കൃത്യതയോടെ പഠന വിധേയമാക്കുന്നുണ്ട് എഴുത്തുകാരൻ. വൈവിധ്യങ്ങളായ വഴികളിലൂടെ കണ്ടെത്തിയ വിവരങ്ങളെ സൂക്ഷ്മതലത്തിൽ വിശകലനം ചെയ്ത് വായനക്കാരന്റെ ചിന്തയിലേക്ക് വിതറിതരികയാണ് ലേഖകൻ ചെയ്യുന്നത്.

ചരിത്രമെന്നത് കെട്ടിക്കിടക്കുന്ന ജലാശയമല്ലെന്നും, വ്യക്തമായ വിശകലന സാധ്യതകളും

മൂർച്ചയുള്ള അന്വേഷണങ്ങളും ഒളിപ്പിച്ചിട്ടുള്ള അടിയൊഴുക്കുള്ള ജലാശയമാണെന്നുമുള്ള സത്യത്തെ അടിസ്ഥാനപ്പെടുത്തി ബാവമാഷ് വയനാടൻ ഗ്രാമങ്ങളുടെ രചന നിർവ്വഹിക്കുമ്പോൾ, വായനക്കാരന്റെ ഉള്ളിലെ ചരിത്രാന്വേഷിയും ചിന്താമണ്ഡലത്തിന് തീ പകർന്നുകൊണ്ട് കുടഞ്ഞുണരും.! നിഗമനങ്ങൾകൊണ്ട് അന്വേഷണ സാധ്യതകളെ അടച്ച വയ്ക്കുന്നതിനു പകരം അന്വേഷണത്തിന്റെ പുതു പാതകളിലേക്ക് പ്രവേശിക്കാനുള്ള ചൂട്ടുവീശുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. എഴുത്തുകാരനിലൂടെയും വായനക്കാരിലൂടെയും ഈ കൃതിയിലെ ഓരോ ലേഖനങ്ങളും കൂടുതൽ കൂടുതൽ നവീകരിക്കപ്പെട്ട് ബലപ്പെടുമെന്ന് പുതിയ പതിപ്പിറങ്ങുമ്പോൾ നമുക്ക് മനസ്സിലാകും. അടുത്ത പതിപ്പിൽ ഗ്രാമങ്ങളുടെ എണ്ണം 45 –. നു മുകളിലേക്ക് പോകാനും സാധ്യതയുണ്ട്.




ഒരു നാടിന്റെ ചരിത്രമറിയാൻ നഗരങ്ങളിൽ ചുറ്റിക്കറങ്ങുകയല്ല വേണ്ടത്, ഗ്രാമത്തിന്റെ ഇടവഴിയിലൂടെയുള്ള കരുതൽ നടത്തമാണ് ആവശ്യം എന്ന ചരിത്ര സത്യത്തെയാണ് "വയനാടൻ ഗ്രാമങ്ങൾ " എന്ന കൃതി സൂക്ഷ്മാംശത്തിൽ തൊടുന്നത്. 45 ഗ്രാമങ്ങളെ അറിയുക എന്നത് അത്ര നിസ്സാരമായ കാര്യമല്ല. അതു കൊണ്ടു തന്നെ ചരിത്രാന്വേഷണത്തിന്റെ പരിമിതികൾ ഏറ്റക്കുറച്ചിലോടെ എഴുത്തുകാരനെയും സ്പർശിക്കുന്നുണ്ട്. തിരിച്ചറിയാനും തിരുത്താനുമുള്ള ബലം എഴുത്തുകാരനുള്ളതുകൊണ്ട് പുതിയ പതിപ്പിന്റെ ഉൾക്കനം കൂടുമെന്ന് ഉറപ്പിച്ച് പറയാൻ കഴിയും. വയനാടിന്റെ ആഴങ്ങളെ അറിയാൻ ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഒരു റഫറൻസ് ഗ്രന്ഥമായി വയനാടൻ ഗ്രാമങ്ങൾ പുസ്തകശേഖരത്തിൽ സൂക്ഷിക്കാവുന്നതാണ്. ഒരു നാടിന്റെ ചരിത്രവും ഭൂമിശാസ്ത്രവും അവയുടെ അതിരുകൾ ലംഘിച്ചുകൊണ്ട് ഒന്നാകുന്നതുമൂലം ചരിത്രന്വേഷകർക്ക് മാത്രമല്ല വയനാടിനെ അനുഭവിക്കാൻ എത്തുന്ന സഞ്ചാരികൾക്കും ഈ പുസ്തകം സഹായകമാകുമെന്നതിൽ സംശയമില്ല.

വയനാടൻ ഗ്രാമങ്ങൾ ( രണ്ടാം പതിപ്പ് )
ഡോ.ബാവ കെ. പാലുകുന്ന്
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2024
വില– 300/–

# അതിഥി

മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിലെ പൂർവവിദ്യാർഥിയും ഇപ്പോൾ കൊല്ലം ടി.കെ.എം. ആർട്സ് ആന്റ് സയൻസ് കോളേജിലെ ഫിസിക്കൽ



എഡ്യുക്കേഷൻ അസി.പ്രൊഫസറുമായ **ഡോ. ടി.സി അബ്ദുൽ റഫീഖ്** കായികരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച പ്രതിഭയാണ്. ഈ വർഷത്തെ മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ കായികമേളയുടെ ഉദ്ഘാടകനായെത്തിയ അദ്ദേഹം നിശാഗന്ധിക്കനുവദിച്ച അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

**മീനങ്ങാടി ഗവ. എച്ച്.എസ്.എസിലെ താങ്കളുടെ പഠന കാലം ഏതായിരുന്നു.?**

2002 – 2005 കാലഘട്ടമാണ് മീനങ്ങാടി ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിലെ എന്റെ പഠനകാലം. പ്ലസ് വൺ, പ്ലസ് ട്ടു കോഴ്സിൽ മാത്രമാണ് ഞാൻ ഇവിടെ പഠിച്ചത്. സ്പോർട്സിൽ തുടരുന്നതിനുവേണ്ടി പ്ലസ് ട്ടു ഡിസ്കണ്ടിന്യൂ ചെയ്ത്, രണ്ടാം വർഷം വീണ്ടും ഇവിടെത്തന്നെ റഗുലർ വിദ്യാർത്ഥിയായി പഠിച്ചു , എന്നുള്ളത് തന്നെയാണ് ഏറ്റവും മധുരമുള്ള ഓർമ്മ. അതോടൊപ്പം ആ വർഷം സ്കൂൾ ലീഡറാവുന്നതിനു വേണ്ടി മത്സരിച്ച് ചെറിയ വ്യത്യാസത്തിൽ തോറ്റു പോയതും നിറമുള്ള ഓർമ്മ തന്നെയാണ്. !

**സ്കൂൾ ജീവിതകാലത്തെ പ്രിയപ്പെട്ട അധ്യാപകർ ?**

യു. ബി ചന്ദ്രിക ടീച്ചർ, സെൽവൻ സാർ, ബിനു ജോർജ്ജ് സാർ , മത്തായി സാർ തുടങ്ങിഎല്ലാവരും പ്രിയപ്പെട്ടവരായിരുന്നെങ്കിലും ചരിത്രം പഠിപ്പിച്ച നൂർജഹാൻ ടീച്ചറുമായുള്ള ഊഷ്മളബന്ധം ഇന്നും തുടരുന്നു. കായികാധ്യാപകനായിരുന്ന ജ്യോതികുമാർ സർ ഒരു മികച്ച അധ്യാപകൻ എന്നതിലുപരി, ഒരു നല്ല മെന്ററും മാർഗ്ഗദർശിയുമായിരുന്നു.

**കായിക രംഗത്തെ താങ്കളുടെ പ്രധാന നേട്ടങ്ങൾ സംസ്ഥാന-- ദേശീയ തലങ്ങളിൽ വിജയം കൈവരിച്ച മത്സരങ്ങൾ എന്നിവ വിശദീകരിക്കാമോ?**

കാക്കവയൽ ഹൈസ്കൂളിൽ നിന്നും നിന്നും ജൂനിയർ വിഭാഗത്തിൽ ജില്ലാതല ചാമ്പ്യനായിട്ടാണ് ഇവിടേക്ക് വന്നതെങ്കിലും, ആദ്യമായി സംസ്ഥാനതലത്തിൽ ഒരു മെഡൽ

നേടുന്നത് പ്ലസ് വൺ പഠനകാലത്താണ്. ഇവിടെ പഠിച്ച മൂന്നു വർഷക്കാലവും ജില്ല തലത്തിൽ സീനിയർ വിഭാഗത്തിൽ വ്യക്തിഗത ചാമ്പ്യനായിരുന്നു. സംസ്ഥാന സ്കൂൾ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിലും മറ്റു സംസ്ഥാന മത്സരങ്ങളിലും വിവിധ മെഡലുകൾ നേടുവാൻ സാധിച്ചു. ദേശീയ സ്കൂൾ മത്സരങ്ങളിൽ പങ്കെടുക്കുവാനും സൗത്ത് സോൺ നാഷണൽ മത്സരത്തിൽ കേരളത്തിനായി 4x400 മീറ്റർ റിലേ മത്സരത്തിൽ സ്വർണ്ണം നേടുവാനും കഴിഞ്ഞത് അഭിമാനത്തോടെ ഓർക്കുന്നു.



തുടർന്ന് ,ചങ്ങനാശ്ശേരി എസ്. ബി കോളേജിലെ ഡിഗ്രി പഠനകാലത്ത് എം. ജി യൂണിവേഴ്‌സിറ്റിക്കു വേണ്ടി ഓൾ ഇന്ത്യ ഇൻറർ യൂണിവേഴ്‌സിറ്റി മത്സരത്തിൽ 4x400 മീറ്റർ റിലേ വെള്ളിമെഡൽ നേടുവാൻ സാധിച്ചു. അതുപോലെ ബി. പി. എഡ് പഠനകാലത്ത് കാലിക്കറ്റ് യൂണിവേഴ്‌സിറ്റിക്കു വേണ്ടി ഓൾ ഇന്ത്യ ഇൻറർ യൂണിവേഴ്‌സിറ്റി മത്സരത്തിൽ 4x400 മീറ്റർ റിലേയിൽ റെക്കോർഡ് കൂടി സ്വർണ്ണം നേടുവാനും സാധിച്ചു. പി.ജി പഠനകാലത്ത് കണ്ണൂർ യൂണിവേഴ്‌സിറ്റിക്ക് വേണ്ടിയും ഇൻറർ യൂണിവേഴ്‌സിറ്റി മത്സരങ്ങളിൽ പങ്കെടുക്കാൻ സാധിച്ചു. അങ്ങനെ കേരളത്തിലെ കായിക മേഖലയിൽ മുന്നിട്ടുനിൽക്കുന്ന മൂന്ന് യൂണിവേഴ്‌സിറ്റിയെയും പ്രതിനിധീകരിക്കാൻ സാധിച്ചു എന്നത് വളരെ അഭിമാനമായി കാണുന്നു.

**എന്തായിരുന്നു താങ്കളുടെ ഗവേഷണ വിഷയം? പി.എച്ച് ഡി ഏതു സർവകലാശാലയിൽ നിന്നായിരുന്നു ?**

സ്പോർട്സ് സൈക്കോളജിയിൽ സ്പെഷ്യലൈസ് ചെയ്തുകൊണ്ടായിരുന്നു ഗവേഷണം. 'കായിക താരങ്ങളുടെ പെർഫോമൻസിൽ mindfulness, coping styles എന്നിവയുടെ പ്രാധാന്യവും ഇവ ചെലുത്തുന്ന സ്വാധീനവും ' എന്ന വിഷയത്തിൽ പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്‌സിറ്റിയിൽ നിന്നാണ് പി എച്ച് ഡി പൂർത്തിയാക്കിയത്. രാജ്യത്തെ തന്നെ ഏറ്റവും മികച്ച യൂണിവേഴ്‌സിറ്റികളിലൊന്നാണത്.

**ഇപ്പോഴത്തെ ജോലി ? കായികാധ്യാപകൻ എന്നതിലപ്പുറം ഇപ്പോൾ മത്സര രംഗത്തുണ്ടോ?**

ഗവേഷണ പ്രബന്ധം സബ്മിറ്റ് ചെയ്തു പോണ്ടിച്ചേരി യൂണിവേഴ്‌സിറ്റിയുടെ തന്നെ അഫിലിയേറ്റഡ് കോളേജ് ആയ ആൻഡമാൻ ലോ കോളേജിൽ 2016 –ൽ ആദ്യ നിയമനം ലഭിച്ചു. കേരളത്തിൽ ജോലി കിട്ടിയപ്പോൾ ഈ ജോലിയിൽ നിന്നും വിരമിച്ചു. 2021 മുതൽ കൊല്ലം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഫിസിക്കൽ എജ്യുക്കേഷൻ വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസർ ആയി ജോലി ചെയ്യുന്നു.

**വീട്, കുടുംബം എന്നിവയെപ്പറ്റി ?**

സുൽത്താൻ ബത്തേരിയിൽ ആണ് വീട്. ഉപ്പയും ഉമ്മയും ഭാര്യയും മൂന്നു കുഞ്ഞുങ്ങളും അടങ്ങുന്നതാണ് കുടുംബം.

**കായികരംഗത്തെ പുതിയ തലമുറയെക്കുറിച്ച പ്രതീക്ഷകൾ ?**

നല്ല കായികക്ഷമതയും കഴിവുമുള്ള നിരവധി താരങ്ങൾ നമ്മുടെ സ്കൂൾ കോളേജ് തലങ്ങളിലുണ്ട്. നിർഭാഗ്യവശാൽ, അവർക്ക് വേണ്ട പരിഗണയോ, നല്ല പരിശീലനമോ ലഭിക്കുന്നില്ല. ത്രിതല പഞ്ചായത്തുകളും, പി.ടി.എ , എസ്.എം.സി പോലുള്ള സംവിധാനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ചാൽ നമ്മുടെ വിദ്യാലയങ്ങളിൽ ഈ രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാനാവും. അക്കാദമിക രംഗത്ത് മാത്രം ശ്രദ്ധിക്കുന്ന സ്കൂളുകൾക്കിടയിൽ മീനങ്ങാടിയെ വ്യതിരിക്തമാക്കുന്നത് ഈ ഘടകമാണ്.

## പുസ്തക ജാലകം



### റാം c/o ആനന്ദി
അഖിൽ പി ധർമ്മജൻ

**ഫാത്തിമ ഫാദിയ. പി**
H2A

മലയാളത്തിലെ പുതിയ എഴുത്തുകാരിൽ അതിവേഗം വായനക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റിയ അഖിൽ പി ധർമ്മജന്റെ മൂന്നാമത്തെ പുസ്തകമാണ് 'റാം c/o ആനന്ദി '. നാല് വർഷത്തിനകം നാൽപതിലേറെ പതിപ്പുകൾ പുറത്തുവന്നു എന്നതുതന്നെ അത് പുസ്തകവിപണനരംഗത്ത് സൃഷ്ടിച്ച വിപ്ലവം വിളിച്ചോതുന്നുണ്ട്. വായനക്കാരനെ പിടിച്ചിരുത്തുന്ന അത്ഭുതകരമായ ഈ സിനിമാറ്റിക്ക് നോവലിന്റെ തുടക്കവും സിനിമാപഠനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

മനുഷ്യർ പരസ്പരം സ്നേഹിക്കുന്നതിൽപോലും അവർ തന്നെ തീർത്ത മതിലുകൾ വിഘാതമായി നിൽക്കുന്നഘട്ടത്തിൽ അവയെ അതിജീവിക്കുന്ന തരത്തിലുള്ള ചില ആത്മബന്ധങ്ങൾ രൂപപ്പെടുന്നതുകാണും. ഈ പുസ്തകം അത്തരം ചില ബന്ധങ്ങളുടെയും ബന്ധനങ്ങളുടെയും കഥയാണ്.!

സിനിമ പഠിക്കുവാനും നോവൽ എഴുതുവാനും അനുഭവങ്ങൾ തേടി ആലപ്പുഴക്കാരനായ ശ്രീറാം ചെന്നൈയിലെത്തുമ്പോൾ അവനെ കാത്തിരുന്നത് അനുഭവങ്ങളുടെ ഒരു പെരുമഴ തന്നെയായിരുന്നു. അതിലവൻ വിദ്യാർത്ഥിയായും, സുഹൃത്തായും വഴികാട്ടിയായും പറഞ്ഞറിയിക്കാനാവാത്ത വേഷങ്ങളിർ ആടിത്തിമർക്കുന്നു.!

സിനിമാപഠനത്തിനെത്തിയ റാമിന്റെ ജീവിതത്തിലേക്ക് ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ് സുഹൃത്തുക്കളായ രേഷ്മയും വെട്രിയും എത്തുന്നത്. താമസിക്കുന്ന ഫ്ലാറ്റിൽ നിന്നും കോളേജിലേക്കുള്ള ട്രെയിൻ യാത്രക്കിടയിൽ മല്ലിയെയും പരിചയപ്പെടുന്നു. മല്ലി എന്നത് ഒരു ട്രാൻസ് ജെൻഡർ കഥാപാത്രമാണ്. ഒരു അപകടത്തിലൂടെയാണ് മല്ലി റാമിന്റെ ജീവിതത്തിൽ ചേരുന്നത്. റാമിന്റെ ജീവിതത്തിലെ മുൻവിധികളും കേട്ടുകേൾവികളും മാറ്റിമറിച്ചുകൊണ്ട് ഒരു വേള അവൾ നോവലിൽ നിറഞ്ഞുനിർക്കുന്നു.

ഒരിക്കൽ അവൾ റാമിനോട് പറയുന്നുണ്ട്:

"നമ്മുടെ ജീവിതത്തോടു ചുറ്റിപ്പറ്റി നിൽക്കുന്നവരിൽ മിനിമം ഒരാളെങ്കിലും നമ്മെ രഹസ്യമായി പ്രണയിക്കുന്നുണ്ട്. എന്തെങ്കിലും കാരണത്താൽ അതവർ നമ്മോട് വെളിപ്പെടുത്തുന്നില്ല എന്നു മാത്രം! നമ്മളും ആരെയോ രഹസ്യമായി പ്രണയിക്കുന്നു. അതു നമ്മളും വെളിപ്പെടുത്തുന്നില്ലെന്നു മാത്രം."

തന്റെ പ്രണയോല്ലാസങ്ങളെയും, ജീവിത വിജയങ്ങളെയും പരസ്പരം ഒരു മാലയിൽ പോലും കോർത്തിണക്കാൻ കഴിയാതെ മല്ലി എന്ന ട്രാൻസ്ജെന്റർ ഗിണ്ടി റെയിൽവേസ്റ്റേഷനിലെ രണ്ടാം നമ്പർ പ്ലാറ്റ്ഫോമിലെ സിമന്റ് ബെഞ്ചിൽ , റാം നേരത്തെ എഴുതി വച്ച അവന്റെ പേരിനൊപ്പം തന്റെ പേരുകൂടി എഴുതി വയ്ക്കുന്നു. . " റാം നിന്റെ പേരിനോടൊപ്പം, ഈ സിമന്റ് ബെഞ്ചിലെങ്കിലും ഞനൊന്ന് സ്ഥാനം പിടിച്ചോട്ടെ " ഈ വാക്കുകളും അപ്പോൾ റാം മല്ലിയുടെ കണ്ണുകളിൽ കാണുന്ന പറയാതെവച്ച പ്രണയം തിരിച്ചറിയുന്നതും ആയ നിമിഷങ്ങൾ മല്ലിയുടെ ചിലങ്കകൾ നിലക്കുമ്പോഴും നോവൽ വായിച്ചു തീരുമ്പോഴും വായനക്കാരന്റെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്നുണ്ടാവും.

ഒരു ശത്രുവിനെപ്പോലെ അവന്റെ ജീവിതപാതകളിലേക്ക് ഓടി ക്കയറുന്ന ആനന്ദി പിന്നീട് റാമിന്റെ ജീവിതത്തെ ഏറെ സ്വാധീനിക്കുന്നു. ചോദ്യങ്ങളോ , ഉത്തരങ്ങളോ ഇല്ലാതെ അവനിലേക്കെത്തുന്ന അവൾ അവന്റെ ആത്മാവിന്റെതന്നെ അന്വേഷണതിന്റെ ഭാഗമാവുന്നു.

തിരുനങൈ എന്ന മല്ലി , റിസപ്ഷനിസ്റ്റാവുന്ന ആനന്ദി,വീടിന്റെ ഉടമയായ പാട്ടി ,രേഷ്മ,വെട്രി,കിരൺ,ബിനീഷ് എന്നിങ്ങനെ തുടങ്ങി ഗിണ്ടി റെയിൽവേ സ്റ്റേഷനും തൈര് സാദവും ടി നഗറും മറീന ബിച്ചും എന്നിവയിലൂടെ അവരുടെ ജീവിതത്തെ ചിത്രീകരിച്ച് നാം അതിലൊരാളാവുന്ന തരത്തിൽ വായനക്കാരനെ കെട്ടുപിണയിക്കുന്ന വിസ്മയ ലോകമാണിത്. നാം പോലും അറിയാതെ നമ്മളും അവർക്കിടയിൽ ജീവിക്കും. തീർച്ച !

പ്രണയവും വിരഹവും സൗഹൃദവും നിറയുന്ന നോവലിൽ വായിച്ചു മതിയാകാതെ നമ്മളും ഗിണ്ടിയിലും റാമിലും ആനന്ദിയിലും അലഞ്ഞു നടക്കും. പുസ്തകം അവസാനിക്കുന്നിടത്ത് റാമിനെപോലെ, വെട്രിയെയും രേഷ്മയെയും പാട്ടിയെയും പോലെ, ഓരോ വായനക്കാരനും അവർ പോലുമറിയാതെ അവളുടെ തിരിച്ചുവരവിനെ കാത്തു പ്രാർത്ഥിച്ചിരിക്കും.

പ്രണയിക്കാത്തവരായി ആരുമില്ല.റാമിന്റെയും ആനന്ദിയുടെയും പ്രണയനിമിഷങ്ങളെ വായനക്കാരനും കാത്തിരിക്കുന്നു.ഓരോ നിമിഷങ്ങൾ കഴിയുമ്പോഴും വായനക്കാർ അപൂർവ്വമായ ഒരു ചരടിൽ കുരുക്കപ്പെടും.

'റാം c/o ആനന്ദി'എന്ന നോവൽ താഴിട്ട് പൂട്ടിയ ഒരു ഡയറിയെയും അതിൽ തുരു തുരാ എഴുതിയ റാം എന്ന ഹൃദയാക്ഷരങ്ങളെയും അതിജീവിച്ച കഴിയാൻ വായനക്കാരന് സാധിക്കുകയില്ല.

തീർച്ചയായും നാം മല്ലിയെപ്പോലെ ചുറ്റിലുമുള്ള ഒരാളെ രഹസ്യമായി പ്രണയിക്കുന്നു.

ഹൃദയസ്പർശിയായ ഈ നോവൽ വായനക്കാരന്റെ ഹൃദയങ്ങളെ കീഴടക്കിക്കൊണ്ട് ചുറ്റിലുമുള്ള ആനന്ദിമാരെയും മല്ലിമാരെയും തിരയുമെന്നു തീർച്ചയാണ്.

ആനന്ദിക്കൊപ്പം റാമിനായും, റാമിനൊപ്പം ആനന്ദിക്കായും സ്വയമറിയാതെ വായനക്കാരൻ പ്രാർത്ഥനകളിൽ കാത്തിരിക്കും. ആനന്ദിക്കായി മുനമ്പം ബീച്ചിൽ റാം കാത്തിരിക്കുന്നത് പോലെ...

ഇനിയുമൊരു 'ദയമത്'കൂടി പുറപ്പെട്ടിരുന്നെങ്കിൽ!!!!...






കവിത



## മടക്കം

കാറ്റും കോളും നിറഞ്ഞ വാനിൽ നിന്നും

തെളിനീരാറിലേക്കെന്നാണൊരു മടക്കം...

ഉൾകടലിനു മീതെ കാണുന്ന ശാന്തത പോലെ..

അഗാധതയിലെ അടിയൊഴുക്കറിയാതെ....

സുമി പനമരം (പൂർവ്വ വിദ്യാർഥി)

# കണ്ണീർ ഭൂപടങ്ങൾ

**മിത്ര ജീവൻ 8 H**



അവളുടെ കണ്ണീരിന് ആസിഡിനെക്കാൾ തീക്ഷ്ണതയുണ്ടായിരുന്നു. അതിലോരോ തുള്ളിയും ഇറ്റുവീഴുമ്പോൾ ഉരുകുന്നത് കണ്ടു നിന്നവരുടെ മനസ്സായിരുന്നു. ഹൃദയം തീക്കനൽപോലെ ജ്വലിക്കുമ്പോൾ എരിഞ്ഞുതീരുന്നത് അവളുടെതന്നെ ജീവിതവും ...!

.അവൾക്ക് എല്ലാവരോടും, ദേഷ്യമാണ് തോന്നിയത്. പ്രത്യേകിച്ച് തന്റെ അമ്മയെക്കൂടി ഇല്ലാതാക്കിയവരോട്.!

ഒരു സാധാരണ കുടുംബത്തിലാണ് അവൾ ജനിച്ചത്. ബാല്യം വിട്ടുമാറും മുമ്പെ, അച്ഛനെ വിധി കവർന്നെടുത്തു കഴിഞ്ഞിരുന്നു.അച്ഛനെപ്പറ്റി ഒരു നേരിയ ഓർമയെ അവൾക്കുള്ളു. അമ്മ പറഞ്ഞ കഥകളിലൂടെ അച്ഛനെയും സ്നേഹിച്ചു വെങ്കിലും അവൾ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നത് അമ്മയെത്തന്നെയായിരുന്നു. അല്ലെങ്കിലും അമ്മയെയല്ലാതെ അവൾക്ക് സ്നേഹിക്കാൻ ആരുമുണ്ടായിരുന്നില്ല!
ആരെങ്കിലും പേര് ചോദിച്ചാൽ അൽപം ഉറക്കെ തെല്ലൊരാത്മവിശ്വാസത്തോടുകൂടി അവൾ പറയും : 'ജന്വി '
പിന്നെ ഇങ്ങനെ കൂട്ടിച്ചേർക്കും :
"എന്റെ അമ്മായിട്ടതാ "
ഇക്കാരണത്താലൊക്കെത്തന്നെ അവൾക്ക് അമ്മയെ പിരിയുന്നതും വിഷമമായിരുന്നു. എന്നാലും സ്വപ്നങ്ങൾക്കു ചിറക് മുളച്ചപ്പോൾ, അവൾക്ക് വിദേശത്ത് പോകാതിരിക്കാൻ കഴിയുമായിരുന്നില്ല. അങ്ങനെയാണ് ഒരു വർഷം മുമ്പ് യു.കെയിലെത്തിച്ചേരുന്നത്; അമ്മയെ വേർപിരിയുന്നത്.

എത്ര വലിയ സങ്കടങ്ങളിലും അമ്മ കരയുന്നത് അവൾ കണ്ടിട്ടില്ല. പക്ഷേ, അവൾ പോകുമ്പോൾ തന്നെ ചേർത്തുപിടിച്ച് അമ്മ വിതുമ്പിക്കരഞ്ഞത് ഇന്നലെയെന്നപോലെ ഓർമയെ വീർപ്പുമുട്ടിക്കുന്നു.

ജന്വിയുടെ വീട് വയനാട്ടിലെ 'പുഞ്ചിരിമട്ടം' എന്ന ഒരു കൊച്ചു ഗ്രാമത്തിലായിരുന്നു. വയനാടിന്റെ പ്രകൃതിഭംഗി എല്ലാം കൂടി കുട്ടിക്കലർത്തിയ മനോഹരമായ ഒരു സ്വർഗ്ഗം. അമ്മയെപ്പോലെ തന്നെ ആ ഗ്രാമത്തെയും ജന്വി അകമഴിഞ്ഞ് സ്നേഹിച്ചിരുന്നു. അതുകൊണ്ട് എന്നും വൈകുന്നേരം അമ്മയെ വിളിക്കുമ്പോൾ അവളാദ്യം അന്വേഷിക്കുന്നത് തന്റെ ഗ്രാമത്തിലെ വിശേഷങ്ങളെക്കുറിച്ചായിരുന്നു.

ഒരു ദിവസം രാത്രി ഡ്യൂട്ടി കഴിഞ്ഞു മടങ്ങിയെത്തിയ അവളെ കാത്തിരുന്നത് ഞെട്ടിക്കുന്ന ഒരു വാർത്തയായിരുന്നു. അവളുടെ കൂടെ താമസിച്ചിരുന്ന മലയാളികളാണ് അതിനെപ്പറ്റി പറഞ്ഞത്. വയനാട്ടിൽ ഭീകരമായി ഉരുൾപൊട്ടിയതായും, നിരവധി മനുഷ്യർ മണ്ണിനടിയിൽ പെട്ടതായും അവൾ പറഞ്ഞു. പെട്ടെന്നുണ്ടായ ഞെട്ടലിൽനിന്നും മുക്തമായപ്പോൾ, ജന്വിക്ക് അമ്മയെ വിളിച്ചു നോക്കാതിരിക്കാനായില്ല . പല തവണ തുടർച്ചായി ശ്രമം നടത്തിയിട്ടും ഫോൺ കണക്ടാവുന്നില്ല. നാട്ടിലെ സമയത്തിനും ഇവിടത്തെ സമയത്തിനും



വ്യത്യാസമുണ്ടായിരുന്നതുകൊണ്ട് അമ്മ ഉറങ്ങിക്കാണും എന്ന് സ്വയം ആശ്വസിക്കാൻ ഒരു ശ്രമം നടത്തി. പക്ഷേ, മനസ്സിൽ വീണ്ടും ആധി വന്നു മൂടുന്നു. ഒരുപാട് തവണ പിന്നെയും ശ്രമം തുടർന്നു. എപ്പോഴോ അത് പരിധിക്ക് പുറത്തുമായി. അവളുടെ ഹൃദയമിടിപ്പ് വർദ്ധിച്ചുകൊണ്ടിരുന്നു. കണ്ണുകളിൽ ഇരുട്ടു കയറി. ബോധം മേല്ലെ മെല്ലെ മറഞ്ഞു പോകുന്നതുപോലെത്തോന്നി.

കണ്ണ് തുറന്നപ്പോൾ ജന്വി ആശുപത്രിയിലാണ്. അവൾക്കൊന്നും മനസ്സിലായില്ല. എല്ലാവരും തന്നെ നോക്കുന്നത് സഹതാപത്തോടെയാണ്. അവൾ കഴിഞ്ഞതൊക്കെ ഓർത്തെടുക്കാൻ ശ്രമിച്ചു. പെട്ടെന്ന് അവൾ ഓർത്തു. അമ്മ ..... അവൾ പതിയെ മന്ത്രിച്ചു. കണ്ണുകൾ ആ കൂട്ടത്തിൽ ആരെയോ തിരഞ്ഞു കൊണ്ടിരുന്നു. പെട്ടെന്ന് അവളുടെ കൂട്ടുകാരി പറഞ്ഞു. 'അമ്മ...



Teacher Created Resources

അമ്മ പോയി!'
നാട്ടിൽനിന്ന്
അറിയിച്ചതാണത്രേ.
ഒരു നിമിഷത്തേക്ക്
അവൾക്കത്
വിശ്വസിക്കാനായില്ല.
ശരീരം തളർന്നു..
ചെവികൾ ആരോ
കൊട്ടിയടക്കുന്നത്
പോലെ  സുഹൃത്ത്
തുടർന്നത്
അവ്യക്തമായി ക്കേട്ടു :
'ബോഡി കിട്ടിയിട്ടില്ല
ഇനി പ്രതീക്ഷിക്കേണ്ട
എന്നാ.  പറഞ്ഞത്".

എങ്ങും നിശ്ശബ്ദത.
അവൾക്കൊന്നും
വിശ്വസിക്കാൻ
കഴിഞ്ഞില്ല.  കണ്ണിൽ
നിന്ന് ഒഴുകിവന്ന
നീർച്ചാൽ അവളുടെ
ശരീരം തണുപ്പിച്ചു. ആ
നീർച്ചാലിന്
ചോരയുടെ നിറം
കലർന്നിട്ടുണ്ടോ എന്ന്
സംശയിച്ചു അവൾ
ശ്വസിച്ചിരുന്ന
വായുവിനും
മരണത്തിന്റെ
ഗന്ധമുള്ളതുപോലെ.....
.. അവൾ ഒരുപാട്
സ്നേഹിച്ചിരുന്ന
അവളുടെ നാട് തന്നെ
തന്റെ അമ്മയെ
ചതിച്ചിരിക്കുന്നു
ഇനിയൊരിക്കലും
കരകയറ്റാൻ പറ്റാത്ത
വിധം പുഞ്ചിരിമട്ടം
കണ്ണീരിൽ ആണ്ട്
പോയിരിക്കുന്നു.ഒരുപാ
ട് നിരപരാധികളായ
മനുഷ്യരുടെ ജീവനും
സന്തോഷങ്ങളും അതു
തുടച്ചു നീക്കി
കളഞ്ഞിരിക്കുന്നു..

കണ്ണീരുപ്പുകലർന്ന,
ചോരയുടെയും
മരണത്തിന്റെ
ഗന്ധമുള്ള,
കാതോർത്താൽ
കരച്ചിൽ മാത്രം
കേൾക്കാവുന്ന,
അതിലുപരി അവളുടെ
അമ്മയുടെ
ജീവനെടുത്ത ആ
നാടിനെ ഇനി
അവൾക്കുവേണ്ട.
അച്ഛനെ പുത്തുമല
കൊണ്ടുപോയി.
അമ്മയെ
മുണ്ടക്കൈയും.
അച്ഛനില്ലാത്ത
അവളുടെ ജീവിതത്തിൽ
നിന്ന് അമ്മയെയും ആ
ഉരുൾ
കവർന്നെടുത്തിരിക്കു
ന്നു..ഇനിമുതൽ താനും
അനാഥയാണെന്ന
സത്യം
അവക്കുൾക്കൊള്ളാൻ
കഴിഞ്ഞില്ല.

**കണ്ണ് തുറന്നപ്പോൾ ജന്വി ആശുപത്രിയിലാണ്. അവൾക്കൊന്നും മനസ്സിലായില്ല. എല്ലാവരും തന്നെ നോക്കുന്നത് സഹതാപത്തോടെയാണ്. അവൾ കഴിഞ്ഞതൊക്കെ ഓർത്തെടുക്കാൻ ശ്രമിച്ചു.**

പൊടുന്നനെ
അവളുടെ ശരീരത്തെ
തണുപ്പ് ആലിംഗനം
ചെയ്തു. അവളുടെ
സിരകളിലൂടെ
ധൃതിപിടിച്ച് ഓടിയിരുന്ന
രക്തത്തിന്റെ വേഗം
കുറഞ്ഞു. വായിലൂടെ
രക്തം ഒഴുകിവന്ന്
കണ്ണീരിനൊപ്പം യാത്ര
ആരംഭിച്ചു. അവളുടെ
കണ്ണുകൾ പതിയെ
അടഞ്ഞു. തന്റെ
ജീവിതവും
അവസാനിക്കുകയാ
ണോ...... അതോ, മതി
വിഭ്രമമാണോ ? ഒന്നും
തിരിച്ചറിയാനാവുന്നില്ല

വീണ്ടും
മയക്കത്തിലേക്ക്
ഊർന്നു വീണു.
അകലെ നിന്ന് ആരോ
മാടി വിളിക്കുന്നു. അത്
തന്റെ അമ്മയല്ലേ..?



# പ്രതീക്ഷകൾ തേടി



ഗൗരി നന്ദന സി എ
9G

നിലാവെളിച്ചം അവരെ അനശ്വരമാക്കി.
രാപ്പാടിയുടെ ഗാനത്തിന്റെ മാധുര്യത്തിൽ
ആ രാവിൽ
അവരേവരും സ്വപ്നത്തിൽ മയങ്ങി!

പാരിനെ അനശ്വരമാക്കിയ
അമ്പിളി കാർമേഘത്തിനു മുമ്പിൽ കീഴടങ്ങി,
പൊൻപ്രഭ മായവെ ,
വർഷം കൊടികുത്തി.

പൊട്ടിക്കരയുന്ന ആകാശദേവനെക്കണ്ട
പ്രകൃതി ആകുലയാകവേ,
കുന്നും മലയും ഇടിഞ്ഞു വീഴവെ,
നിസ്സഹായയായവൾ നിന്നു !

തന്റെ സന്താനങ്ങളെ വെള്ളം വിഴുങ്ങുന്നത്
കണ്ട്
അവർ പൊട്ടിക്കരഞ്ഞു.

പ്രകാശരശ്മികൾ പാരിനെ എത്തിനോക്കും
മുമ്പേ ,
ഭൂമി ചുടലക്കളമായി മാറി.
അപ്പോഴും വിശപ്പ് മാറാതെ
വെള്ളം വിഴുങ്ങുന്നു

കാറ്റും കോളും കെട്ടടങ്ങി
ശവപ്പറമ്പായ തന്റെ ഭൂവിനെയും,
ഒറ്റപ്പെട്ടുപോയ തന്റെ മക്കളെയുമോർത്ത്,
പ്രകൃതി തേങ്ങി
നല്ലൊരു നാളേക്കായി
നല്ല ദിനങ്ങൾക്കായി
ജലത്തിനായി വായുവിനായി
അവർ ഒന്നായി നിന്നു.
പുതിയ കാര്യങ്ങൾ പഠിക്കാൻ
പുതിയ വഴികളിലേക്കേവരും യാത്രയായി

അകലെ
പ്രതീക്ഷയുടെ പുതിയ പുതിയ നീലാകാശം
തേടി..

ഓർമ്മയെഴുത്ത്

ഫസീല ആനക്കുഴിയിൽ



"വാടി വീണ ഇലകൾക്കുമുണ്ടായിരുന്നു തല നിവർന്നുനിന്ന ഒരു കാലം"

# തുവാലകൾ

തുണികൾ മടക്കി
എടുത്ത്
അലമാരയിലേക്ക്
വെക്കുമ്പോൾ ഒരു
തുവാല കയ്യിൽ ........
അന്നെന്റെ കയ്യിൽ
ഒരു പാട്
തുവാലകളുണ്ടായിരുന്ന
കാലം... യൂണിഫോം
സ്കർട്ടിന്റെ പോക്കറ്റിൽ
മാമൻ രണ്ടുവർഷം
കൂടുമ്പോൾ ഗൾഫിൽ
നിന്നും കൊണ്ടുവരുന്ന
സ്പ്രേ അടിച്ച്
വൃത്തിയിൽ മടക്കി നല്ല
ഭംഗിയുള്ള ഒരു പാട്
തുവാലകൾ ...
എന്തെല്ലാം നിറങ്ങളിൽ
റോസും, വെള്ളയും,
മഞ്ഞയിൽ പൂക്കളുള്ളത്
ആകാശ നിലയിൽ നല്ല
ഭംഗിയുള്ള അരികുകൾ
തുന്നിയ ഒത്തിരി
നിറങ്ങൾ........ ബാല്യം
നിറക്കൂട്ടുകളുടേതാണല്ലേ
ാ ....... ഒരു ജലദോഷം
വരാൻ, പനി വരാൻ
കൊതിച്ചിരുന്ന
നാളുകൾ...
എല്ലാവരെയും
കാണിക്കാൻ ഒന്നു മുഖം
തുടക്കാനോ പോലും
തുവാല എടുക്കേണ്ടി
വന്നില്ല. ചുറ്റിനും
കരുതലുമായി എപ്പോഴും
എല്ലാവരും..
പത്താം ക്ലാസ്
പരീക്ഷയ്ക്കിടെ
മുന്നിലിരുന്ന കുട്ടി
ജലദോഷം വന്ന്
ബുദ്ധിമുട്ടുന്നത് കണ്ട
മാഷ് പറഞ്ഞു

ആരെങ്കിലും ഒരു തുവാല
കൊടുക്കാൻ മാഷ്
പറഞ്ഞു.പരീക്ഷ
പേടിയിൽ അന്നു ഞാൻ
തുവാല
എടുത്തില്ലായിരുന്നു.
എടുത്താലും
കൊടുക്കില്ലായിരിക്കാം
അത്രയും
പ്രിയമായിരുന്നു
എനിക്കെന്റെ
തുവാലകൾ ........
കൗമാരവും യൗവ്വനവും
തുവാലകളുടെ ഗമ
കാണിക്കാൻ പറ്റുന്ന
നാളുകൾ .......എന്തിനും
ഏതിനും ...... മുഖം

**പരീക്ഷ പേടിയിൽ അന്നു ഞാൻ തുവാല എടുത്തില്ലായിരുന്നു. എടുത്താലും കൊടുക്കില്ലായിരിക്കാം**



തുടക്കാൻ, മഴയിൽ
വെയിലിൽ മഞ്ഞിൽ
തലയിൽ ഇടാൻ,
പൊങ്ങച്ചം കാണിക്കാൻ
......

ഭീതിതമായ
കൊറോണക്കാലം
തുവാലകൾക്കു പകരം
എല്ലായിടത്തും '
മുഖംമൂടികൾ 'മാത്രം
ഇന്ന് എല്ലാവരും മുഖം
മൂടിയോടു വിട
പറഞ്ഞപ്പോൾ ഞാൻ
മാത്രം ഈ
മുഖംമൂടിയുമായി ......
ഇപ്പോൾ പനിയുണ്ട്
ജലദോഷമുണ്ട് .....
എന്തൊക്കെയോ
വ്യാധികളും ഇപ്പോഴും
ചുറ്റിനും ഒരുപാടുപേർ
ഒത്തിരി കരുതലോടെ
എനിക്കായുണ്ട്.......


പക്ഷേ എന്റെ
തുവാലകൾ ..... ഇല്ല ......
ഈ തുവാല ആർക്കും
കൊടുക്കില്ല ഈ തുവാല
എന്റെ ബാഗിൽ
ഇരിക്കട്ടെ എന്താ..'?

വര – അനുശ്രീ സി എസ്



## ഗോത്രകലകളിലെ സാംസ്കാരികമുദ്രകൾ

– ഡോ. ബാവ കെ. പാലുകുന്ന്



ഒരു ജനസമൂഹത്തിൻറെ ജീവിതവീക്ഷണങ്ങളും, സാംസ്കാരികസവിശേഷതകളും തിരിച്ചറിയാൻ ഏറ്റവുംനല്ല ഉപാധി അവരുടെ ഭാഷയും, കലാരൂപങ്ങളും സൂക്ഷ്മമായി അപഗ്രഥിച്ചു മനസ്സിലാക്കുക എന്നതാണ്. നമ്മുടെ ഉപരിപ്ലവമായ കാഴ്ചകൾവഴി രൂപപ്പെ ടുന്ന തെറ്റായ അനുമാനങ്ങളും, മുൻധാരണകളും തിരുത്തപ്പെടാനും സംസ്കാരത്തി ൻറെയും, വിജ്ഞാനത്തിൻറെയും മേഖലകളെ സമ്പുഷ്ടമാക്കാനും അതു പ്രയോജനപ്പെടും. ഒരു ഉദാഹരണത്തിലൂടെ ഇതു വ്യക്തമാക്കാം. മലയാളത്തിൽ നാം പലപ്പോഴും പ്രയോഗിക്കാറുള്ള പഴഞ്ചൊല്ലിൽ പതിരില്ല എന്ന ചൊല്ല് നോക്കുക. നൂറ്റാണ്ടുകളിലൂടെ ഭാഷയിൽ വേരുറപ്പിക്കുന്ന പഴമൊഴികൾക്ക് സമൂഹത്തിൽ കൈവരുന്ന വിശ്വാസ്യതയു ടെയും, സ്വീകാര്യതയുടെയും സാക്ഷ്യപത്രമാണല്ലോ അത്. എന്നാൽ ഒട്ടും യുക്തിഭദ്രമല്ലാ ത്തതും പ്രതിലോമചിന്തകൾക്കും മിഥ്യാധാരണകൾക്കും ന്യായീകരണം നൽകുന്നതുമായ അസംഖ്യം ചൊല്ലുകളും അക്കൂട്ടത്തിലുണ്ട്. മണ്ണും പെണ്ണും തല്ലിയാലെ നന്നാവൂ , പെൺബുദ്ധി പിൻബുദ്ധി തുടങ്ങിയ ചൊല്ലുകളിലെ സ്ത്രീവിരുദ്ധതയും, ജാത്യാലുള്ളത് തൂത്താൽ പോവില്ല , ചെറുമന് അധികാരം കിട്ടിയതുപോലെ , പൂച്ചയ്ക്ക് രോമമുണ്ടായിട്ട് അമ്പട്ടനെന്ത് കാര്യം എന്നീ പ്രയോഗങ്ങളിലെ കീഴാള–ദലിത് വിരുദ്ധതയും പ്രത്യക്ഷ ത്തിൽതന്നെ വ്യക്തമാണല്ലോ. വിഭിന്നശേഷിയുള്ള മനുഷ്യരെ അധിക്ഷേപിക്കുന്ന ചൊല്ലു കളും, പദപ്രയോഗങ്ങളും ഇതുപോലെ വേറെയും കാണാം. കള്ളനെ നമ്പിയാലും കുള്ളനെ നമ്പരുത് , കുരുടന്മാർ ആനയെ കണ്ടതുപോലെ തുടങ്ങിയവ ഉദാഹരണം. കേരളീയസമൂഹം പൊതുവെ ഊറ്റം കൊള്ളാറുള്ള സാംസ്കാരികഘടനക്കകത്തുതന്നെ പ്രകടമാകുന്ന പുഴുക്കുത്തുകളാണ് അത്തരം ചൊല്ലുകളിൽ ഊറിക്കിടക്കുന്നത്. ആദിവാസി ഊരുകളെ പരാമർശിക്കാൻ നാം ഉപയോഗിക്കാറുള്ള കോളനി എന്ന പദ ത്തിൽപോലും അടിസ്ഥാനപരമായ ചില പൊരുത്തക്കേടുകളുണ്ട്. ദലിതരെ അടിമകളായി മാത്രം കൽപിച്ചുപോന്നിരുന്ന പഴയ ഫ്യൂഡൽബോധം ജനാധിപത്യകാലത്തും നിലനിൽ ക്കുന്നതിൻറെ സൂചനയാണത്. ഭാഷയെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള നമ്മുടെ സാധാരണ ആലോചനകളിൽ അത്തരം പ്രശ്നങ്ങൾ കടന്നുവരാത്തത് നാം കൂടി ഭാഗ ഭാക്കായ, വരേണ്യ–പുരുഷാധിപത്യ മൂല്യബോധമാണ് നമ്മെ ഭരിക്കുന്നത് എന്നതു കൊണ്ടാണ്.



കേരളത്തിലെ വിവിധ ആദിവാസി ഗോത്രവിഭാഗങ്ങളുടെ ഭാഷയും കലാസാഹിത്യ രൂപങ്ങളും അവരുടെ സാംസ്കാരികപൈതൃക ത്തെ എങ്ങനെ അനാവരണം ചെയ്യുന്നു വെന്നും, അവയെക്കുറിച്ചുള്ള പഠനങ്ങളുടെ പ്രസക്തിയെന്തെന്നും പരിശോധിക്കേണ്ട തുണ്ട്. ദലിത്–കീഴാള ജനവിഭാഗങ്ങളുടെ ഭാഷയും സാഹിത്യവും നമ്മുടെ അക്കാദമിക പഠന രംഗത്തേക്ക് കടന്നുവന്നതുപോലും സമീപകാലത്തു മാത്രമാണ്.

അടിയർ, പണിയർ, കാട്ടുനായ്ക്കർ, ഊരാളിക്കുറുമർ, ഇരുളർ, മലയർ, കുറുമ്പർ എന്നിങ്ങനെയുള്ള നിരവധി ഗോത്രവിഭാഗങ്ങൾക്ക് സ്വന്തമായ ഭാഷയുണ്ടെങ്കിലും അവയ്ക്കൊന്നിനും സ്വന്തമായ ലിപിയില്ല. മലയാളത്തേക്കാളേറെ കന്നഡ, തമിഴ്, തുളു മുതലായവയോട് ബന്ധം പുലർത്തുന്ന ഭാഷകളും അക്കൂട്ടത്തിലുണ്ട്. ഭാഷയിൽ മാത്രമല്ല, ആചാരാനുഷ്ഠാനങ്ങൾ, ഭക്ഷണരീതികൾ, വസ്ത്രധാരണം, ഗൃഹനിർമ്മാണം, ചികിത്സ എന്നിങ്ങനെ സംസ്കാരത്തിൻറെ വിവിധ തുറകളിലെല്ലാം തനിമ നിലനിർത്തിപ്പോരുന്ന ആദിവാസി ജനപദങ്ങൾ ഇപ്പോൾ നിലനിൽപ്പിനായി പെടാപ്പാടുപെടുകയാണ്.

പ്രകൃതിയോടും, ഇതര ജീവജാലങ്ങളോടും താദാത്മ്യം പ്രാപിച്ചുകൊണ്ട്, വനമധ്യ ത്തിലെ ഊരുകളിൽ സംഘജീവിതം നയിച്ചിരുന്ന അവർക്ക് പോയകാലങ്ങളിൽ സ്വന്ത മായി ഉണ്ടായിരുന്നതെല്ലാം മറ്റുള്ളവർ കവർന്നെടുത്തുകഴിഞ്ഞു. കാടും, മേടും, തോട്ട മൊക്കെ എല്ലാവരുടേതുമാണെന്നുകരുതി, ഒന്നിനും അതിരിടാതിരുന്ന ഗോത്രസമൂഹ ങ്ങളെ അവരുടെ വാസകേന്ദ്രങ്ങളിൽനിന്ന് പുറത്താക്കിയവർ തന്നെ ഇപ്പോൾ അവരെ പരിഷ്കരിച്ച് മനുഷ്യരാക്കുന്നതിനുള്ള തിരക്കിലാണ്! ആദിവാസികളെ അവരുടെ പ്രാകൃതാചാരങ്ങളിൽ നിന്നും അന്ധവിശ്വാസങ്ങളിൽനിന്നും മുക്തരാക്കി, മുഖ്യധാര യിലേക്കു കൊണ്ടുവരാനും, അവരുടെമേൽ തങ്ങളുടെ വിശ്വാസങ്ങൾ അടിച്ചേൽപ്പിക്കാനും ശ്രമം നടത്തുന്ന മതപ്രചാരകരുടെയും, വലിയ തോതിൽ വിദേശപണം പറ്റുന്ന സന്നദ്ധ സംഘടനകളുടെയും സാന്നിധ്യം ഗോത്രമേഖലകളിൽ അസ്വസ്ഥത പടർത്തുന്നതും കാണാതെ പോകരുത്.

മലയാളത്തിനുമീതെ പഴയകാലത്ത് സംസ്കൃതമെന്നപോലെ, ഇപ്പോൾ ഇംഗ്ലീഷ് നടത്തുന്ന അധിനിവേശത്തെക്കുറിച്ച് വാചാലരാകുന്നവർ പോലും, ഗോത്രഭാഷകൾക്കു മേൽ മലയാളം നടത്തുന്ന അധിനിവേശത്തെക്കുറിച്ച് മൗനം പാലിക്കുന്നു. സാധാരണ മലയാളി കുടുംബങ്ങളിൽ നിന്നും പൊതുവിദ്യാലയങ്ങളിലെത്തുന്ന ഒരു കുട്ടിക്ക് അവിടെ ഭാഷാപരമായ അപരിചിതത്വത്തെ അഭിമുഖീകരിക്കേണ്ടിവരുന്നില്ല. ഗോത്രവർഗ്ഗത്തിൽ നിന്നുള്ള, വിശേഷിച്ചും പ്രാക്തനഗോത്ര സമുദായങ്ങളിൽപ്പെടുന്ന കുട്ടികളുടെ സ്ഥിതി ഇതല്ല. തങ്ങളുടെ ഗാർഹികാന്തരീക്ഷത്തിൽ കേട്ടു പരിചയമില്ലാത്ത ഒരു ഭാഷയും, തികച്ചും വ്യത്യസ്തമായ ഒരു സാംസ്കാരികപരിസരവും അവൻറെ നില ഏറെ പരുങ്ങലി ലാക്കുന്നു എന്നതാണ് യാഥാർത്ഥ്യം. സഹപാഠികളിൽനിന്ന് ഏൽക്കേണ്ടിവരുന്ന പരിഹാസവും, അവഗണനയും കുരുന്നുമനസ്സുകളിൽ സൃഷ്ടിക്കുന്ന ആഘാതങ്ങളുടെ തിക്തഫലമാണ് അവരുടെ തുടർച്ചയായ പരാജയങ്ങൾക്കും കൊഴിഞ്ഞുപോക്കിനും കാരണമായിത്തീരുന്നത്.

ആദിവാസിസംസ്കൃതിയുടെ അഭിവാജ്യഘടകമായ കലാരൂപങ്ങളും, പാട്ടുകളു മെല്ലാം പയ്യെ പയ്യെ അരങ്ങൊഴിയുന്ന കാഴ്ചയും കാണാതിരുന്നുകൂടാ. ഇതര സമൂഹ ങ്ങളുടെ കലാപ്രകടനങ്ങളിൽനിന്നും ഏറെ വ്യത്യസ്തമാണ് അവയുടെ സ്വഭാവം. ആദിവാസിജീവിതപരിസരങ്ങളിൽനിന്ന് അടർത്തിമാറ്റിയാൽ, മിക്ക ഗോത്രകലാ രൂപങ്ങ ൾക്കും നിലനിൽപ്പുതന്നെയില്ല. അവരുടെ വിശ്വാസാചാരങ്ങളും, അനുഷ്ഠാനങ്ങളുമായി വേർപ്പെടുത്താനാവാത്തവിധം ഇഴചേർന്നു കിടക്കുന്നവയാണവ. അവരുടെ കലാ സങ്കല്പ ങ്ങൾപോലും ഉപരിവർഗത്തിൻറെ കലാനുഭവങ്ങളിൽനിന്ന് വേറിട്ടു നിൽക്കുന്നു. ജനനം, മരണം, വിവാഹം, അടിയന്തരം, തിരണ്ടുകല്യാണം (പെൺകുട്ടി ആദ്യമായി ഋതുമതി യാകുമ്പോഴുള്ള ചടങ്ങുകൾ) എന്നിങ്ങനെ വ്യത്യസ്തമായ ജീവിതസന്ദർഭങ്ങ ളോട് ചേർന്നുവരുന്നവയാണ് അവയിൽ ഗണ്യമായ വിഭാഗം. അതിനു പ്രത്യേകമായ അരങ്ങു കളുണ്ടാവില്ല. അവതാരകർ, പ്രേക്ഷകർ എന്നിങ്ങനെയുള്ള വിഭജനവുമില്ല. എല്ലാവരും ഒന്നിച്ചു പങ്കാളികളാകുന്ന സവിശേഷമായ ഒരു കലാനുഭവമാണ് അവിടെ കാണാനാവുക. വടക്കേ വയനാട്ടിലെ പ്രധാന ഗോത്രവിഭാഗമായ അടിയരുടെ കലാരൂപങ്ങൾ നോക്കുക; പുറമേ നിന്നു നിരീക്ഷിക്കുന്നവർക്കു മാത്രമാണ് അവയിലെ കലാംശം ബോധ്യമാവുക. അവരെ സംബന്ധിച്ചിടത്തോളം ഓരോ സന്ദർഭത്തിലും നിർബന്ധമായും അനുഷ്ഠിക്കേണ്ട ചടങ്ങുകൾ മാത്രമാണവ. വ്യത്യസ്തങ്ങളായ അനുഷ്ഠാനങ്ങളുടെ ഭാഗമായിവരുന്ന അസംഖ്യം പാട്ടുകൾ അവർക്കുണ്ട്. തിരണ്ടുകല്യാണം നടക്കുന്ന പെൺകുട്ടിയുടെ കുടിയിലും, വിവാഹത്തോടനുബന്ധിച്ച് വധൂവരന്മാരുടെ ഊരുകളിൽ നടക്കുന്ന ചടങ്ങുകളിലും പാടുന്ന സോപാനപ്പാട്ടുകൾ, ബൊയ്ഗെവൻ പാട്ടുകൾ, മരണാ നന്തരചടങ്ങായ കാക്കപ്പുലയ്ക്ക് പാടുന്ന പുലപ്പാട്ടുകൾ എന്നിവ ഉദാഹരണം. ഇവ യൊന്നും പാടുന്നത് പ്രത്യേക ഗായകസംഘങ്ങളല്ല; കർമ്മങ്ങൾക്ക് നേതൃത്വം നൽകുന്ന ഊരുമൂപ്പന്മാർ തന്നെയാണ്, എന്ന വസ്തുതയാണ് ശ്രദ്ധിക്കേണ്ടത്. മനുഷ്യജീവിതത്തിലു ണ്ടാവുന്ന ദുരിതങ്ങളും, രോഗങ്ങളും ദൈവകോപത്തിൻറെ ഫലമാണെന്നു കരുതുന്ന അടിയർ അതിൽ നിന്നും മുക്തിനേടാനായി നടത്തുന്ന ഗദ്ദികയും അനുഷ്ഠാന കലതന്നെ. ഇതിൻറെ ആചാര്യനും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റുമായിരുന്ന പി. കെ. കാളൻ ഗദ്ദിക പൊതുവേദിയിൽ അവതരിപ്പിക്കേണ്ടി വന്നപ്പോൾ, ആമുഖമായി ദൈവങ്ങ ളോട് മാപ്പിരന്നുകൊണ്ടാണ് അതാരംഭിച്ചിരിക്കുന്നത്. വിശ്വാസമനുസരിച്ച് അനുഷ്ഠാനകലകൾ അങ്ങനെ അവതരിപ്പിക്കാൻ പാടില്ലാത്തതാണ്.

പണിയർ, കുറുമർ, കുറിച്യർ, മലയർ തുടങ്ങിയ ഗോത്രവിഭാഗങ്ങളുടെ കലാ പാരമ്പര്യത്തിലും അനുഷ്ഠാനപരമായ പ്രകടനങ്ങൾക്കും പാട്ടുകൾക്കും മുഖ്യസ്ഥാന മുണ്ട്. എങ്കിലും കോൽക്കളി, കുറത്തിനാടകം എന്നിങ്ങനെയുള്ള വിനോദപ്രധാനമായ കലകളും, താരാട്ടുപാട്ടുകൾ, കോൽക്കളിപ്പാട്ടുകൾ, കൃഷിപ്പാട്ടുകൾ, തൊഴിൽപ്പാട്ടുകൾ എന്നിങ്ങനെ വ്യത്യസ്തങ്ങളായ കള്ളികളിൽപെടുത്താവുന്ന ഗാനങ്ങളും കാണാറുണ്ട്.

സാഹിത്യചരിത്രകാരന്മാരും, ഗവേഷകരും നാടൻപാട്ടുകളുടെ ഗണത്തിൽപ്പെടുത്തി പഠനവിധേയമാക്കാറുള്ള ഗോത്രജനതയുടെ ഗാനശാഖ സമ്പന്നവും വൈവിധ്യപൂർണവു മാണ്. തലമുറകളിൽനിന്നു തലമുറകളിലേക്ക് വാമൊഴിയായി കൈമാറ്റം ചെയ്തുപോരുന്ന അവയുടെ പഴക്കം കൃത്യമായി നിർണയിക്കുക ശ്രമകരമാണ്. അജ്ഞാതകർത്തൃകങ്ങളായ അത്തരം പാട്ടുകൾ സമൂഹത്തിൻറെ പൊതുസ്വത്തായാണ് വിനിമയം ചെയ്യപ്പെടുന്നത്. തുടി, ചീനി, ജോഡ്മറ മുതലായ തനതു വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ, പരമ്പ രാഗതമായ ഈണവഴക്കത്തോടെ ആലപിക്കപ്പെടാറുള്ള ഈ പാട്ടുകൾ അത്യന്തം ഹൃദയ ഹാരികളത്രേ.



ഗോത്രകലാരൂപങ്ങളിലും പാട്ടുകളിലും അവരുടെ ജീവിതദൈന്യതകളും, സങ്കൽപ ങ്ങളും, വിശ്വാസങ്ങളുമെല്ലാം തെളിഞ്ഞുകാണാം. തങ്ങളുടെ പൂർവ്വപിതാക്കന്മാരുടെ അപദാനങ്ങളോടൊപ്പം അവരെ മേലാളർ ചതിയിൽപ്പെടുത്തി അടിമകളാക്കി മാറ്റിയതിൻറെ കഥകളും, തങ്ങളനുഭവിക്കുന്ന ചൂഷണങ്ങളുടെയും, പട്ടിണിയുടെയും നേർച്ചിത്രങ്ങളും അവയിൽനിന്നു വായിച്ചെടുക്കാം. കാട്ടുനായ്ക്കർ മരണപ്പെട്ടാൽ മൃതദേഹം മറവുചെയ്യു മ്പോൾ പാടുന്ന പാട്ടിൽ അവരുടെ കൊടിയ ദാരിദ്ര്യവും മരണത്തോടു പുലർത്തുന്ന നിസ്സംഗതയും ആവിഷ്കരിക്കുന്ന വരികൾ നോക്കൂ:

ബേഗനിഗുള മനെ ബേഗ ആക്ക്
ഇത് മിനക്കെട്ട നിന്തലെ അപ്പതില്ലെ,
ബേഗനങ്ക് ഹോക്ക്
നിന ഹൊട്ടെക് തീനി കാണെ
ചത്തവന് ഇനി ഒന്നും കാണെ

(നിനക്കുള്ള ശവക്കുഴി നീ തന്നെ വേഗം തീർക്കണം. അതിനു മിനക്കെട്ടുനിൽക്കാൻ സൗകര്യമില്ല. ഞങ്ങൾക്ക് വേഗം പോകണം. വിശക്കുന്ന വയറു നിറയ്ക്കാൻ എന്തെങ്കിലും കണ്ടെത്തണം. ചത്തവന് ഇനി ഒന്നും ബുദ്ധിമുട്ടേണ്ടതില്ലല്ലോ.)

രാമായണ–മഹാഭാരത കഥകൾക്ക് തങ്ങളുടേതായ ഭാഷ്യം നൽകാനും, അവയിലെ കഥാപാത്രങ്ങളെ തങ്ങളുടെ പൂർവികരായി കൽപ്പിച്ച് ആരാധിക്കാനും അവർ ശ്രമിച്ചു പോരുന്നു. അവ നാം കേട്ടുശീലിച്ച പുരാണപാഠങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമാണ് എന്നതാണ് കൗതുകകരം! ഗോത്രജനസമൂഹങ്ങളുടെ കലാരൂപങ്ങളും സാഹിത്യവും വിലയിരുത്തുമ്പോൾ നാം രൂപപ്പെടുത്തിയെടുത്ത സൗന്ദര്യശാസ്ത്രമാനദണ്ഡങ്ങൾ മാറ്റിപ്പണിയേണ്ടിവരും. പശ്ചാ ത്യമോ, പൗരസ്ത്യമോ ആയ നമ്മുടെ സിദ്ധാന്തങ്ങളത്രയും ഉപരിവർഗസാഹിത്യങ്ങളെ മുൻനിർത്തിയുള്ളതാണല്ലോ.

ഗോത്രസമൂഹത്തിൻറെ കലാരൂപങ്ങളെ അവരുടെ വിശ്വാസ ങ്ങളുടെയും, അനുഷ്ഠാനങ്ങളുടെയും ഭൂമികയിൽനിന്ന് പറിച്ചെടുത്ത് പ്രദർശനവസ്തുക്കളാക്കിയതുകൊണ്ടുമാത്രം വലിയ പ്രയോജനമൊന്നുമില്ല. അവരുടെ ഊരുകളിൽതന്നെ അതു നിലനിർത്താനും സംരക്ഷിക്കാനും നടപടികൾ സ്വീകരിച്ചാൽ, ആധുനിക വിദ്യാഭ്യാസം നേടുന്ന അവരിലെ പുതുതലമുറയ്ക്ക് അപകർഷബോധം വെടിഞ്ഞ് അതിൽ പങ്കാളികളാവാനും മുന്നോട്ടു പോകാനുമാകും. നാടോടിവിജ്ഞാനീയത്തിൻറെയും, സംസ്കാരപഠനത്തിൻറെയും മേഖലകളിൽ അത്തരം കലാരൂപങ്ങൾക്കുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ് അവ ശാസ്ത്രീയമായി ഡോക്യുമെൻറ് ചെയ്തു സൂക്ഷിക്കുക എന്നതും അനിവാര്യമത്രേ.

# കുന്നുകയറിയാൽ ഒന്നാമത്തെ വളവ്



അങ്ങു ദൂരെ മല തൻ മുറിവിലൂ–
ടിന്നുമൊഴുകുന്നു കാടിന്റെ ഗദ്ഗദം.
ഒട്ടുദൂരെ ഒരരയാൽ ഉരുവിട്ടും
നേർത്ത നൊമ്പരം വെയിലായ് കനക്കുന്നു.
കഷ്ടമിവിടെയൊരമ്പലത്തറയിലായ്
ഉറ്റവരെത്തിരഞ്ഞലയുന്നിതൊരു കൂട്ടർ.
അങ്ങകലെ....മാമലയിൽ കോടമഞ്ഞിറങ്ങവെ
ഇങ്ങിവിടെയീ താഴ്‌വരയിൽ ഉരുകുന്ന
നെഞ്ചുമായൊരു കുഞ്ഞിൻ മിഴികളിൽ,
പെട്ടെന്നൊരു ഭയം ഉരുളായ് പൊട്ടുന്നു.
ഒട്ടൊന്നടയ്ക്കാൻ ശ്രമിക്കും മിഴികളിൽ
കെട്ടിയാർക്കുന്നു ഭൂതകാലത്തിൻ കടൽ.
പെറ്റവയറിൻ വിശപ്പുമായ് ഒരു പൂച്ച
ഉറ്റവരെ കാത്തിരിക്കുന്നിതേകയായ്.
ദീനമതിൻ മിഴികളിൽ തേടലിൻ പാടകൾ
പുറ്റുപോലെ കനക്കുന്നു കടുക്കുന്നു.
പൊട്ടിയ തണ്ണീർക്കുടം പോലെ ആകാശം
ഇപ്പൊഴും കണ്ണുനീർ വാർക്കുന്ന കാൺക വെ
ചെറ്റു ദൂരെ അലകടൽ പോലൊരാൾ
ചുറ്റുമേ കണ്ണുപായിച്ചു നിൽക്കുന്നു.
പൊട്ടിയൊഴുകുമീ കണ്ണുനീർ ചാലുകൾക്കെത്ര
വ്യാപ്തിയെന്നാർക്കളക്കാനാകും?
പച്ചമാംസവും മജ്ജയുമുള്ളവർ
പൊട്ടി നീറും വികാരങ്ങളുള്ളവർ
അന്തമില്ലാ കടത്തിൻ ഉടമകൾ.
ഒട്ടുനേരമാ കൺകളിൽ നോക്കുക
പറ്റുമെങ്കിൽ കരമൊന്നു പിടിയ്ക്കുക.
അല്പനേരം മാറോടു ചേർക്കുക
ഒപ്പമെന്നു പറയാതെ പറയുക.
കെട്ടുപൊട്ടിയൊഴുകിയോരാ ചെളി
കൊമ്പുകോർത്തു തമ്മിലെറിയാതെ
ഇന്നിവർക്കൊപ്പം ഞാനെന്നും നീയെന്നും
കൊട്ടിഘോഷിക്കാതെ ചേർന്നു നിന്നീടുക.

സുമി
മീനങ്ങാടി



## ഉപജില്ലാ ശാസ്ത്രോത്സവം മീനങ്ങാടി ജേതാക്കൾ

ബത്തേരി അസംപ്ഷൻ ഹൈസ്കൂൾ, ബീനാച്ചി ഹൈസ്കൂൾ എന്നിവിടങ്ങളിൽ നടന്ന സുൽത്താൻ ബത്തേരി ഉപജില്ലാ ശാസ്ത്രോത്സവത്തിൽ 477 പോയന്റ് നേടി മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഓവറോൾ പാമ്പ്യൻഷിപ്പ് നേടി. ഗണിതശാസ്ത്ര മേളയിലും, ഐ.ടി മേളയിലും ഒന്നാം സ്ഥാനവും , സോഷ്യൽ സയൻസ് മേളയിൽ രണ്ടാം സ്ഥാനവും, ശാസ്ത്രമേളയിലും, പ്രവൃത്തിപരിചയ മേളയിലും മൂന്നാം സ്ഥാനവും നേടിയാണ് ഓവറോൾ കരസ്ഥമാക്കിയത്.ഉപജില്ലാ ശാസ്ത്രോത്സവം മീനങ്ങാടി ജേതാക്കൾ



## ജില്ലാ കായികമേള മികച്ച നേട്ടവുമായി മീനങ്ങാടി



കൽപറ്റ: മുണ്ടേരി സ്റ്റേഡിയത്തിൽ നടന്ന വയനാട് റവന്യൂ ജില്ലാ കായിക മേളയിൽ മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിന് നാലാം സ്ഥാനം. 50 പോയന്റാണ് സ്കൂളിന് ലഭിച്ചത്. നാല് സ്വർണം, ഏഴ് വെള്ളി, ഒൻപത് വെങ്കലം എന്നിവ നേടിയാണ് താരങ്ങൾ വിജയശ്രീലാളിതരായത്.

സബ് ജൂനിയർ പെൺകുട്ടികളുടെ വിഭാഗത്തിൽ ഏഴാംതരം വിദ്യാർഥിനി ഹെൽന മരിയ ജിമ്മി ഡിസ്കസ് ത്രോയിലും, ഷോട്ട്പുട്ടിലും സ്വർണം നേടി. ഒമ്പതാംതരം വിദ്യാർഥിനി ഋഥിക കെ. ജെ. ജൂനിയർ ഗേൾസ് വിഭാഗം ഹൈജമ്പിൽ സ്വർണം നേടി. ജൂനിയർ ഗേൾസ് ഹാമർ ത്രോയിൽ 10-ാം തരം വിദ്യാർഥിനി ഫിദ ഫാത്തിമ സ്വർണം നേടി

സീനിയർ പെൺകുട്ടികളുടെ 200 മീറ്റർ ഓട്ടത്തിൽ ഷെറിൻ ജോയ്, 1500 മീറ്ററിലും 800 മീറ്ററിലും അവന്തിക കെ.എസ്, 800 മീറ്ററിലും, 3000 മീറ്ററിലും നിധുൻ പ്രസാദ് എന്നിവർ വെള്ളി നേടി. 3000 മീറ്റർ നടത്തത്തിൽ അഷിത സി. ( സീനിയർ ഗേൾസ് ) വിശാൽ എം വിനോദ് ( ജൂനിയർ ബോയ്സ് )എന്നിവർക്കും വെള്ളി മെഡലുണ്ട്.

സീനിയർ ഗേൾസിന്റെ ഡിസ്കസ് ത്രോയിലും ഹാമർ ത്രോയിലും,ഐശ്വര്യ എം.എ വെങ്കലം നേടി.
ജൂനിയർ ഗേൾസ് ഹഡിൽസിൽ ശ്രീലേഖ ശ്രീജിത്തും
സീനിയർ ബോയ്സ് 400 മീറ്റർ ഓട്ടത്തിൽ അലൻ ജോസഫും
വെങ്കലം നേടി. ഷെറിൻ ജോയ് 100 മീറ്ററിലും 200 മീറ്ററിലും വെങ്കലം നേടിയപ്പോൾ ,
സബ് ജൂനിയർ ഗേൾസിന്റെ 600 മീറ്ററിൽ സൂര്യനന്ദ സന്തോഷും, ജൂനിയർ ഗേൾസ് ഹഡിൽസിൽ അന്ന കുര്യനും വെങ്കലമെഡലിനർഹരായി.

## ടാലൻ്റ് സെർച്ച് പരീക്ഷ ; സിദ്ധാർത്ഥിന് ഒന്നാം സ്ഥാനം



പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച ജില്ലാതല ഗണിതശാസ്ത്ര ടാലന്റ് സെർച്ച് പരീക്ഷയിൽ (എച്ച്.എസ്.എസ് വിഭാഗം) സിദ്ധാർത്ഥ് എസ് രാജ് ഒന്നാം സ്ഥാനം നേടി. മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്ലസ് ടു സയൻസ് വിദ്യാർഥിയാണ്.



## അക്ഷരമുറ്റം ക്വിസ് ഹിഷാമിന് ഒന്നാം സ്ഥാനം

ദേശാഭിമാനി അക്ഷരമുറ്റം ജില്ലാതല ക്വിസ് മത്സരത്തിൽ മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്ലസ് ടു സയൻസ് വിദ്യാർഥി കെ.യു ഹിഷാം മുഹമ്മദിന് ഒന്നാം സ്ഥാനം നേടി. സംസ്ഥാന തല മത്സരത്തിൽ ജില്ലയെ പ്രതിനിധീകരിച്ച് ഹിഷാം പങ്കെടുക്കും. മാനന്തവാടി ഗവ. യു.പി സ്കൂളിൽ വച്ച് നടന്ന മത്സരത്തിലെ വിജയികൾക്ക് പട്ടികജാതി – പട്ടികവർഗ വകുപ്പ് മന്ത്രി ഒ.ആർ കേളു സമ്മാനങ്ങൾ വിതരണം ചെയ്തു.



## സി.വി രാമൻ ഉപന്യാസമത്സരം സാന്ത്വനമരിയക്ക് എ ഗ്രേഡ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ഇടപ്പള്ളി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടന്ന സംസ്ഥാനതല സി.വി രാമൻ ഉപന്യാസ മത്സരത്തിൽ സാന്ത്വന മരിയ എ ഗ്രേഡ് നേടി. മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്ലസ് ടു സയൻസ് വിദ്യാർഥിനിയാണ്.

## ദേശീയ ഏകതാദിനം




മീനങ്ങാടി: ദേശീയ ഏകതാ ദിനാചരണത്തിന്റെ ഭാഗമായി മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ നേവൽ എൻ.സി.സി യൂണിറ്റിന്റെ നേതൃത്വത്തിൽ 'യൂണിറ്റി റൺ ' സംഘടിപ്പിച്ചു. മീനങ്ങാടി എസ്. ഐ പ്രദീപകുമാർ ഫ്ലാഗ് ഓഫ് ചെയ്തു. പ്രിൻസിപ്പാൾ ഷിവി കൃഷ്ണൻ, ഹെഡ്മാസ്റ്റർ പി.കെ പ്രേമരാജൻ പി ടി എ പ്രസിഡന്റ് എസ്. ഹാജിസ്, അധ്യാപകരായ പി.ഒ സുമിത ജയ്സി ജോസ്, എസ്.വി. വിജേഷ് എന്നിവർ നേതൃത്വം നൽകി. ദിയ പി. ബിനോയ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പരിപാടിയുടെ ഭാഗമായി പോസ്റ്റർ പ്രദർശനവും നടത്തി.

ഇന്ത്യയുടെ ഉരുക്ക മനുഷ്യൻ സർദാർ വല്ലഭായി പട്ടേലിന്റെ ജന്മദിനമാണ് ദേശീയ തലത്തിൽ ഏകതാദിനമായി ആചരിച്ചുവരുന്നത്.

## സംസ്ഥാന സാമൂഹ്യശാസ്ത്ര മേള പ്രാദേശികചരിത്ര രചനയിൽ ഒന്നാം സ്ഥാനം മീനങ്ങാടിക്ക്



മീനങ്ങാടി : ആലപ്പുഴയിൽ വച്ച നടന്ന സംസ്ഥാന ശാസ്ത്രോത്സവത്തിൽ സാമൂഹ്യശാസ്ത്രമേളയിലെ പ്രാദേശിക ചരിത്രരചന മത്സരത്തിൽ മീനങ്ങാടിയുടെ ചരിത്രമെഴുതി ഗവ .ഹയർസെക്കണ്ടറി സ്കൂളിലെ ശ്രുതിക എം എസ് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കി നാൽപതോളം മത്സരാർത്ഥികളിൽ നിന്നാണ് ഈ വിജയം നേടിയത്

## നിശാഗന്ധി ഇ- മാഗസിൻ പ്രകാശനം

മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന നിശാഗന്ധി ഇ–മാഗസിന്റെ പ്രകാശനം യുവകവയിത്രിയും മാധ്യമപ്രവർത്തകയുമായ നീതു സനു നിർവ്വഹിച്ചു. സ്കൂൾ ചെയർ പേഴ്സൺ ഗ്രീഷ്മ ദിലീപ് ഏറ്റുവാങ്ങി.
സർഗാത്മക രചനകൾക്ക് സമൂഹത്തിൽ വിപ്ലവാത്മകമായ സ്വാധീനം ചെലുത്താനാവുമെന്നും, ഈ രംഗത്ത് വിദ്യാർഥികൾക്ക് നിശാഗന്ധി പോലുള്ള സംരംഭങ്ങൾ വിദ്യാർഥികൾക്ക് പ്രചോദനമാവുമെന്നും നീതു സനു പ്രസ്താവിച്ചു.

പി.ടി.എ പ്രസിഡണ്ട് എസ്. ഹാജിസ് അധ്യക്ഷത വഹിച്ചു.

ചടങ്ങിനോടനുബന്ധിച്ച നടന്ന സ്കൂൾ കലോത്സവം ' ദൃശ്യസ്വര 2K24 '– ന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ സിന്ധു ശ്രീധരൻ നിർവ്വഹിച്ചു. മാധ്യമപ്രവർത്തകനും അവതാരകനുമായ റാഷിദ് മുഹമ്മദ് മുഖ്യ പ്രഭാഷണം നടത്തി.
'പരാജിതർ ഉണ്ടാവുമ്പോഴാണ് വിജയികൾക്ക് മൂല്യമുണ്ടാവുക. വലിയ കലാകാരൻമാരെല്ലാം പരാജയത്തിന്റെ കയ്പ്പുനീരും കുടിച്ചിട്ടുണ്ടാവും.
കലയും സംഗീതവും സാഹിത്യവു ള്ളിടത്തേ സ്നേഹവും നൻമയും വളരൂ. സ്കൂൾ കലോത്സവങ്ങളിലൂടെ വളർന്നുവന്ന നിരവധി കലാകാരൻമാർ നമ്മുടെ നാട്ടിലുണ്ട്. റാഷിദ് പറഞ്ഞു.

ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ പി.വി വേണുഗോപാൽ, ടി. പി ഷിജു, പ്രിൻസിപ്പാൾ ഷിവി കൃഷ്ണൻ, പ്രധാനാധ്യാപിക പി.ഒ സുമിത ,ലോഗോ ഡിസൈനർ ശശി ശ്രീരാഗം, മാഗസിൻ എഡിറ്റർ ഡോ. ബാവ കെ. പാലുകുന്ന്, ടി.വി കുര്യാക്കോസ്, സി.കെ പ്രതിഭ, കെ. സുനിൽ കുമാർ, സി. മനോജ്, കെ.ബിജോ പോൾ എന്നിവർ പ്രസംഗിച്ചു.

## എസ്.പി.സി പാസിംങ് ഔട്ട് പരേഡ്

മീനങ്ങാടി: മീനങ്ങാടി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കോളേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാലയങ്ങളിലെ എസ്.പി.സി
സൂപ്പർ സീനിയർ കേഡറ്റുകളുടെ സംയുക്ത പാസ്സിംഗ് ഔട്ട് പരേഡ് മീനങ്ങാടി ജി.എച്ച് എസ് എസ് ഗ്രൗണ്ടിൽ നടന്നു. സുൽത്താൻ ബത്തേരി ഡിവൈ.എസ്. പി. കെ.കെ. അബ്ദുൽ ഷരീഫ് സല്യൂട്ട് സ്വീകരിച്ചു.



ഹയർ സെക്കണ്ടറി ജില്ലാ കോർഡിനേറ്റർ ഷിവി കൃഷ്ണൻ, എസ്.പി.സി ജില്ലാ അസിസ്റ്റന്റ് നോഡൽ ഓഫീസർ കെ മോഹൻ ദാസ്, മീനങ്ങാടി സി.ഐ എ. സന്തോഷ് കുമാർ, കോളേരി ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പ്രധാനാധ്യാപിക കെ.ആർ.നിഷ , മീനങ്ങാടി ഹയർ സെക്കണ്ടറി സ്കൂൾ പ്രാധാനാധ്യാപകൻ പി.കെ പ്രേമരാജൻ, എസ്. ഹാജിസ് , റജീന ബക്കർ, കെ.വി അഗസ്റ്റിൻ, പി.ഒ സുമിത , പി.എസ് ബിന്ദു, ടി.എം നിത്യ , എം.കെ അനുമോൾ, കെ.പി ഷിജു, സി. സിജു, സി.എം സിനി എന്നിവർ പ്രസംഗിച്ചു.

# നിശാഗന്ധി

## e-മാഗസിൻ



ഗവ. ഹയർ സെക്കന്ററി സ്കൂൾ, മീനങ്ങാടി